യുവത ബുക്ക്ഹൗസ്

# വൈവാഹിക ചിന്തകൾ

●

സഈദ് ഫാറൂഖി

രണ്ടാം പതിപ്പ്

MALAYALAM
TITLE : **VAIVAHIKA CHINTHAKAL**
AUTHOR : **C A  SAEED FAROOQI**
COVER :  MUJEEB KOKKUR
LAYOUT: MUJEEB KOKKUR & SALIH
FIRST EDITION:  DECEMBER 2002
SECOND EDITION: DECEMBER 2008
DTP: MICROPRINT,  CALICUT-2
PRINTED AT: KAIRALI OFFSET PRINTS,  CLT-2
PRICE:  RS. 25 /-
YBH  :  214
COPYRIGHT RESERVED WITH PUBLISHER
YUVATHA
BOOK HOUSE
P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 2701812

# ■ പ്രസാധകക്കുറിപ്പ്

ഒരു വ്യക്തി, അയാൾക്കൊരു ഇണ. അദ്ദേഹത്തിനു ചുറ്റും ഒരു കുടുംബം. സഹോദരങ്ങൾ, മക്കൾ, പേരമക്കൾ, പിതാമഹൻ എന്നിങ്ങനെ നീണ്ടുപോകുന്ന കുടുംബബന്ധങ്ങൾ. ഈ കുടുംബജീവിതം കെട്ടിപ്പടുക്കുന്നത് വിവാഹത്തിലൂടെയാണ്. സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂനിറ്റാണ് കുടുംബം.

വൈവാഹികരംഗം ഇന്ന് ഏറെ പ്രശ്നസങ്കീർണമാണ്. ഇസ്‌ലാം ഈ രംഗത്ത് നിഷ്കർഷിക്കുന്ന മൗലികവും പ്രായോഗികവുമായ നിർദേശങ്ങൾ അയത്നലളിതമായി പ്രതിപാദിക്കുകയാണ് സഈദ് ഫാറൂഖി ഈ പുസ്തകത്തിൽ.

ദാമ്പത്യത്തിന്റെ പടിവാതിൽക്കൽ നില്ക്കുന്ന യുവസമൂഹത്തിനു മാത്രമല്ല, കുടുംബജീവിതം നയിക്കുന്നവർക്കും ഈ പുസ്തകം പ്രയോജനപ്പെടാതിരിക്കില്ല. നവാഗതർക്ക് അറിയാനും മുമ്പേ നടന്നവർക്ക് വിലയിരുത്താനും ഈ കൃതി അവസരമേകിയെങ്കിൽ ഞങ്ങൾ ധന്യരായി.

പുസ്തകത്തിന്റെ രണ്ടാം പതിപ്പാണിത്. പ്രതീക്ഷയോടെ, പ്രാർഥനയോടെ.

കോഴിക്കോട് **ഡയറക്ടർ**

യുവത

## ■ ആമുഖം

സർവലോക പരിപാലകനും പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിനു സർവസ്തുതിയും. അവന്റെ പ്രവാചകനിലും അനുചരന്മാരിലും അവരെ പിൻപറ്റിയവരിലും ശാന്തിയും സമാധാനവും വർഷിക്കട്ടെ.

ദൈവം ചരാചരങ്ങളെ ഇണകളായണ് സൃഷ്ടിച്ചത്. ഇണചേരൽ പ്രപഞ്ച നിലനില്പിന്റെ സുപ്രധാന ഘടകമാണ്. ജീവനുള്ളതെല്ലാം ഈ പ്രക്രിയ സജീവമായി നിലനിർത്തുന്നു. ജന്തുജാലങ്ങൾ പ്രകൃതിജന്യമായ നിയമങ്ങൾക്കു വിധേയമായി അതിലേർപ്പെടുന്നു. ലൈംഗികത ദൈവാനുഗ്രഹങ്ങളിൽ ഒന്നാണ്. അതീവ സുന്ദരവും പരിപാവനവുമാണത്. വ്യക്തിത്വം മുഴുവൻ നിറഞ്ഞുനില്ക്കുന്ന പ്രതിഭാസമാണത്.

എന്നാൽ അശിക്ഷിതമായതെന്തും മനുഷ്യനെ നശിപ്പിക്കും. കുടുംബബന്ധങ്ങൾ തകർക്കും. എല്ലാം ശിക്ഷിതമായിരിക്കണം. അജ്ഞതയും അശ്രദ്ധയും ഒരുപോലെ അപകടകാരികളാണ്. വിജ്ഞാനം വെളിച്ചമാണ്. അത് ജീവിതത്തെ ശാന്തിയിലേക്കും സമാധാനത്തിലേക്കും വഴി കാണിക്കും.

ജീവിതം പലർക്കുമൊപ്പമാണ് നാം ചെലവഴിക്കുന്നത്. ഇണയോടൊത്ത്, മാതാപിതാക്കളും മക്കളുമൊത്ത്, കുടുംബത്തോടൊത്ത്, സമൂഹത്തോടൊത്ത്. ഇവിടങ്ങളിലെല്ലാം ഇവരോടൊപ്പം അറിഞ്ഞുപെരുമാറാൻ അറിവു വേണം. ഈ ചെറുപുസ്തകം അതിനുപകരിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

**സഈദ് ഫാറൂഖി**
കോഴിക്കോട്

# ■ അവതാരിക

ദാമ്പത്യജീവിതം പറഞ്ഞാൽതീരാത്ത ഒരു കഥ പോലെ നിരവധി ചിത്രങ്ങൾ അടങ്ങിയ ഒരു വലിയ ലോകമാണ്. അത് മുഴുവൻ ഒരു കൊച്ചുപുസ്തകത്തിൽ ചുരുട്ടിവെച്ചു ഇസ്‌ലാമിന്റെ കണ്ണാടിയിലൂടെ പ്രദർശിപ്പിക്കുക അത്യന്തം ശ്രമകരമായ ഒരു വിദ്യതന്നെ. പക്ഷേ, സഊദ് ഫാറൂഖിക്ക് അത് സാധിച്ചിരിക്കുന്നു. അഭിനന്ദിക്കാതെ വയ്യ.

ഹൃദ്യമായ ഭാഷ. ആകർഷകമായ ശൈലി. വിഷയത്തിനൊത്ത പ്രതിപാദനം. മണിയറക്കാര്യങ്ങൾ എത്ര സഭ്യമായ രീതിയിലാണ് അനാവരണം ചെയ്യുന്നത്! പുസ്തകത്തിലെ ഓരോ വാചകവും ഓരോ അധ്യായമായി വികസിപ്പിക്കാൻ പോന്നതാണ്.

വിവാഹത്തിന്റെ പടിവാതിൽ കടക്കാൻ ഒരുങ്ങുന്ന യുവതീയുവാക്കൾക്ക് ഒരുപഹാരമായി നല്കാൻ പറ്റിയ പുസ്തകം. കുടുംബജീവിതം നയിക്കുന്നവർക്കും ഈ പുസ്തകം തങ്ങൾ ഇസ്‌ലാമികമാനങ്ങൾ പുലർത്തുന്നുണ്ടോ എന്നു സ്വയം പരിശോധിക്കാനും ജയാപജയങ്ങൾ വിലയിരുത്താനും അവസരമൊരുക്കും.

ദാമ്പത്യജീവിതത്തിൽ പൊരുത്തക്കേടുകൾ കൂടിക്കൂടി വരികയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ സ്വർണക്കണ്ണികൾ പൊട്ടിവീഴുന്നു. വീടുകളിൽ അശാന്തി വർധിക്കുന്നു. ഇവയുടെയെല്ലാം ദൂഷ്യഫലങ്ങൾ തലമുറയിൽ പ്രകടവുമാണ്.

ഈ പുസ്തകം പ്രശ്നപരിഹാരത്തിനു വഴിതെളിയിക്കുന്നു. ഇത് വിതറുന്ന പ്രകാശരശ്മികൾ കുടുംബജീവിതത്തിൽ കുമിഞ്ഞുകൂടിയ ഇരുട്ടിനെ തട്ടിനീക്കാൻ ഉപകരിക്കുമാറാകട്ടെ!

**പി മുഹമ്മദ് കുട്ടശ്ശേരി**
ഫാറൂഖ് കോളെജ്

## സി എ സഈദ് ഫാറൂഖി

കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ 1959 സെപ്തംബർ 1 ന് ജനനം. പിതാവ് പ്രശസ്ത പണ്ഡിതനും വാഗ്മിയുമായിരുന്ന സി എ മുഹമ്മദ് മൗലവി (ബേപ്പൂർ മൗലവി). ഫറൂഖ് റൗദത്തുൽ ഉലൂം അറബിക് കോളെജിൽ നിന്ന് അഫ്ദലുൽ ഉലമ ബിരുദം നേടി. അലിഗർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം എ അറബിക്, കോഴിക്കോട് ഗവ. ട്രെനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എൽ ടി ടി സി അറബിക്. ഇപ്പോൾ കോഴിക്കോട് ഗവ. ഭാഷാധ്യാപക പരിശീലന കേന്ദ്രത്തിൽ സീനിയർ ഇൻസ്ട്രക്ടർ (അറബിക്).

പണ്ഡിതൻ, പ്രസംഗകൻ, എഴുത്തുകാരൻ. കോഴിക്കോട് സിവിൽ സ്റ്റേഷൻ ഇസ്ലാമിക്സെന്റർ പള്ളിയിൽ ഖത്തീബ്, ഗവ. ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയിൽ മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ അംഗം, സ്റ്റേറ്റ് ലോംഗോങ് എക്സ്പർട്ട്, സി ഐ ഇ ആർ, ക്യു എൽ എസ് എന്നിവയിൽ സജീവാംഗം, കോഴിക്കോട് ഖുബാ കൾച്ചറൽ സെന്റർ പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിക്കുന്നു. ഷമിദയാണ് ഭാര്യ. ആദ്യ ഭാര്യ ഫാത്തിമ മുനീറ മരണപ്പെട്ടു. മക്കൾ: ഹംന സഈദ്, റാഇദ് സഈദ്, ഹിബ സഈദ്, ഫാത്വിമ സഈദ്. മാതാവ് ബീഫാത്വിമ.

വൈവാഹിക ചിന്തകൾ, പ്രബോധനം ശൈലിയും സമീപനവും, മാതാപിതാക്കളും മക്കളും, ഇസ്ലാമിക വിശ്വാസം, ഹദീസ് ചിന്തകൾ എന്നിവയാണ് കൃതികൾ.

*വിലാസം:*
മുനീറാസ്, 21/2889-A,
പന്നിയങ്കര,
കല്ലായ് പി ഒ,
കോഴിക്കോട്

## ഉള്ളടക്കം


വിവാഹ ജീവിതം ദൈവാനുഗ്രഹം .................................... 11

ഇണയെ തെരഞ്ഞെടുക്കൽ ............................................ 16

വിവാഹ സദസ്സും ആഘോഷങ്ങളും ................................. 23

മണിയറക്കുള്ളിലെ ജീവിതം ........................................... 25

ഭാര്യയും ഭർത്താവും ........................................................ 30

കുടുംബങ്ങളും ബന്ധുക്കളും ........................................... 36

കരളിന്റെ കഷ്ണങ്ങളായ മക്കൾ .................................. 41

സമൂഹത്തോടുള്ള ബാധ്യത നിറവേറ്റുക ............................ 44

# വിവാഹജീവിതം ദൈവാനുഗ്രഹം

ആസ്വാദനങ്ങളിൽ നിന്നും അന്യമായ മനുഷ്യജീവിതം ആനന്ദകരമോ ആഹ്ലാദകരമോ അല്ല. അതിർവരമ്പുകളില്ലാത്ത ആസ്വാദനം ആശ്വാസമോ ആന്ദകരമോ അല്ല. ഭൂമുഖത്ത് മനുഷ്യനുവേണ്ടി ദൈവം എല്ലാം സൃഷ്ടിച്ചൊരുക്കി. അതനുഭവിക്കാനുള്ള ആനന്ദരസം അവനിൽ സജ്ജീകരിച്ചു. അത് കാണാനും കേൾക്കാനും സ്പർശിക്കാനും രുചിക്കാനും അവന് അവസരം നല്കി. അതിന് അതിർവരമ്പുകളും നിയമങ്ങളും വെച്ചു. അവ അതിലംഘിക്കാതെ ഈ ഭൂമുഖത്ത് ജീവിക്കുന്നവർക്ക് അതിർവരമ്പുകളില്ലാത്ത മറ്റൊരു ജീവിതം ആനന്ദത്തിനും രസാസ്വാദനത്തിനുമായി അവൻ നല്കി. ആസ്വാദനത്തിനും ആനന്ദത്തിനുമായി ഈ ഭൂമുഖത്ത് സൃഷ്ടിച്ച വസ്തുക്കളിൽ ഏറ്റവും ശ്രദ്ധേയമായത് മനുഷ്യർക്കുവേണ്ടി പാരസ്പര്യത്തോടെ സൃഷ്ടിക്കപ്പെട്ട അവരുടെ ഇണകളാണ്.

താനാണ് ഈ ലോകത്തെ ഏറ്റവും ശ്രദ്ധേയമായ ആനന്ദവസ്തു എന്ന തിരിച്ചറിവാണ് ഈ ഇണകൾക്കുണ്ടാകേണ്ടത്. അവരിലൂടെ പരസ്പരം അനുഭവിക്കുന്നതും കൈമാറുന്നതുമായ ആസ്വാദനങ്ങളും ആനന്ദാനുഭൂതികളും ശാന്തിയും സമാധാനവും സുഖവും സന്തോഷവും ഈ ഭൂമുഖത്ത് മറ്റൊന്നിലും ദർശിക്കാനോ സ്പർശിക്കാനോ സാധ്യമല്ല.

അല്ലാഹു പറയുന്നു: "അവൻ നിങ്ങളെ മണ്ണിൽ നിന്നു സൃഷ്ടിച്ചു. പിന്നീട് നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചിരുന്ന മനുഷ്യരായി. ഇത് അവന്റെ

ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. നിങ്ങൾക്കു നിങ്ങളിൽനിന്നു തന്നെ ചില ഇണകളെ സൃഷ്ടിച്ചു തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. ഇണകളോടൊത്തുചേർന്ന് നിങ്ങൾക്ക് മനസ്സമാധാനം കൈവരിക്കാൻ അവൻ നിങ്ങൾക്കിടയിൽ പ്രേമബന്ധവും കാരുണ്യവും സ്ഥാപിച്ചു. ചിന്തിക്കുന്ന ജനതയ്ക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.' (അർറൂം: 20, 21)

## നന്ദി പ്രകാശിപ്പിക്കുക

മനുഷ്യപ്രകൃതി ഈ വിധം സംവിധാനിച്ചിരിക്കുന്നത് പ്രപഞ്ചനാഥനായ അല്ലാഹുവാണ്. അതിൽ അവനു പങ്കുകാരനായി ആരുമില്ല. അതുകൊണ്ടുതന്നെ ഈ ജീവിതത്തിന്റെ ഏതവസരങ്ങളിലും അവനെ ഓർത്തും അവനു നന്ദിപ്രകാശിപ്പിച്ചും ജീവിക്കേണ്ടവരാണു നാം. വൈവാഹിക ജീവിതത്തിലൂടെ നമുക്കനുഭവപ്പെടുന്നതും ലഭ്യമാകുന്നതുമായ എല്ലാ അനുഗ്രഹങ്ങൾക്കും അനുഭൂതികൾക്കും അടിസ്ഥാനം ആ ദൈവമാണ്. അത് അവനിൽ നിന്നു മാത്രമാണ്. അതിലാർക്കും യാതൊരു വിധ പങ്കാളിത്തവുമില്ല.

അല്ലാഹു പറയുന്നു: "നിങ്ങളെ ഒരേ ആത്മാവിൽനിന്നും സൃഷ്ടിച്ചവനാണവൻ. അതിൽനിന്നും അതിന്റെ ഇണയെയും സൃഷ്ടിച്ചു. ആ ഇണയോടൊപ്പം അവൻ അവളെ പുണർന്നപ്പോൾ അവൾ ലഘുവായി ഗർഭം ധരിച്ചു. എന്നിട്ട് അതുമായി അവൾ നടന്നു. അവസാനം അവളുടെ ഗർഭം ഭാരമുള്ളതായിത്തീർന്നപ്പോൾ അവർ രണ്ടുപേരും അവരുടെ നാഥനായ അല്ലാഹുവിനോട് പ്രാർഥിച്ചു: "നീ ഞങ്ങൾക്ക് ഒരുത്തമ സന്താനത്തെ പ്രദാനം ചെയ്യുന്ന പക്ഷം ഞങ്ങൾ നന്ദിയുള്ളവരായിരിക്കുക തന്നെ ചെയ്യും." അവസാനം അവർ രണ്ടു പേർക്കും ഒരുത്തമ സന്തതിയെ അവൻ നല്കിയപ്പോൾ അവർക്കു പ്രദാനം ചെയ്തതിൽ അവർ രണ്ടു പേരുമതാ അല്ലാഹുവിനു ചില പങ്കാളികളെ സ്ഥാപിക്കുന്നു. അവർ സ്ഥാപിക്കുന്ന പങ്കാളിത്തത്തിൽ നിന്നും അവൻ എത്രയോ ഉന്നതനാകുന്നു." (അൽഅ്റാഫ്: 189,190)

വൈവാഹിക ജീവിതത്തിലെ മുഴുവൻ ആനന്ദവും അനുഭൂതികളും ഭയലേശമെന്യെ അനുഭവിക്കണമെങ്കിൽ ദൈവികമായ ഈ സംവിധാനത്തിൽ അടിയുറച്ച വിശ്വാസം അനിവാര്യമാണ്. അവർക്കു മാത്രമേ ആനന്ദാനുഭൂതികളുടെ പാരമ്യത അനുഭവിച്ചറിയാനാകൂ.

ഇതില്ലാതെ വന്നാൽ വിവാഹജീവിതം ശാപവും കോപവും നിറഞ്ഞതായിത്തീരും. ശാപകോപങ്ങൾക്കു വിധേയമായ വൈവാഹിക ജീവിതം ദുസ്സഹമായിരിക്കും. ആധിയും വ്യഥയും നിറഞ്ഞതാകും. അവിടെ ശാന്തിയോ സമാധാനമോ ദർശിക്കാവതല്ല. വൈവാഹിക ജീവിതത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപപ്പെടുത്തുന്നതിലൂടെ മാത്രമേ അതുവഴി അനുഭവപ്പെടാനുള്ള എല്ലാ നല്ല അനുഭവങ്ങളും

വന്നുചേരൂ. അതുകൊണ്ടാണ് കുറ്റമറ്റ ഒരു സമീപനം വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട് ക്വുർആൻ നമുക്ക് നല്കിയിരിക്കുന്നത്.

അല്ലാഹു പറയുന്നു: ''ജലത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചവൻ അവനത്രെ. എന്നിട്ട് അവർക്കിടയിൽ അവൻ രക്തബന്ധവും വിവാഹബന്ധവും സ്ഥാപിച്ചു. നിന്റെ നാഥൻ വളരെയേറെ കഴിവുള്ളവനത്രെ.'' (അൽഫുർക്വാൻ: 54)

അപ്പോൾ മനുഷ്യബന്ധങ്ങളുടെ സ്ഥാപകൻ അല്ലാഹുവാണ്. അതിനെ ആദരിച്ചും അംഗീകരിച്ചും ഈ ഭൂമുഖത്ത് ജീവിക്കുക എന്നതാണ് മനുഷ്യജീവിത ധർമം.

## വിവാഹജീവിതത്തിന്റെ അർഥതലങ്ങൾ

നമ്മുടെ ജീവിതം നിരർഥകമല്ല. തികച്ചും ലക്ഷ്യബോധമുള്ളതും സാർഥകവുമാണ്. ജീവിതത്തിലെ ഓരോ സ്പന്ദനവും തികച്ചും ആ ലക്ഷ്യത്തെ ആസ്പദിച്ചും ഉദ്ദേശിച്ചുമുള്ളതാണ്. അതിനെ മറികടന്നോ മതിമറന്നോ നമുക്കിവിടെ ജീവിക്കാവതല്ല. നമ്മുടെ ജന്മംകൊണ്ട് ഈ പ്രപഞ്ചത്തിൽ സഫലമാകേണ്ട ധാരാളം പ്രവർത്തനങ്ങളുണ്ട്. വൈവാഹിക ജീവിതത്തിലൂടെ നമ്മിലെത്തിച്ചേരുന്ന ബാധ്യതകൾ, അതിന്റെ സാധ്യതകൾ അതെല്ലാം അവയിൽ ചിലതുമാത്രം.

## വിവാഹിതനാവുക

വിവാഹപ്രായമായാൽ വിവാഹിതനായി ജീവിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിച്ചിരിക്കുന്നു. അതിനു സാധിക്കുന്നവർ അതിനോട് വിമുഖത കാണിക്കുവാനോ അതിലേർപ്പെടാതിരിക്കുവാനോ പാടുള്ളതല്ല. കാരണം അതാണ് തന്റെ പ്രകൃതിക്ക് അനുയോജ്യമായത്. മനസ്സമാധാനവും ശാന്തിയും സുഖവും ക്ഷേമവും ജീവിതപരിശുദ്ധിയും കാരുണ്യലബ്ധിയും അതിലൂടെ മാത്രമേ കരഗതമാകൂ.

**ക്വുർആനിന്റെ കല്പനകൾ**: ഈ പ്രപഞ്ചത്തെ ദൈവം സംവിധാനിച്ചിരിക്കുന്നത് അതിലെ എല്ലാ വസ്തുക്കളെയും ഇണകളായി സൃഷ്ടിച്ചുകൊണ്ടാണ്. ആ ഇണയോടൊത്തുള്ള ജീവിതമാണ് ജീവിതപൂർത്തീകരണത്തിന്റെ വലിയൊരു ഭാഗം.

ക്വുർആൻ പറയുന്നു: "എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ എത്ര പരിശുദ്ധൻ; ഭൂമിയിൽ മുളച്ചുവരുന്ന വസ്തുക്കൾ, മനുഷ്യരുടെ സ്വന്തം വർഗം, അവരുടെ അറിവിൽ പെടാത്ത മറ്റു വസ്തുക്കൾ.'' (യാസീൻ: 36)

ഈ സംവിധാനത്തെ മറികടക്കുക പ്രയാസമാണ്. അവിടെ ജീവിതമവസാനിക്കും. അപ്പോൾ ജീവിക്കണമെങ്കിൽ ജീവിതത്തിൽ ജീവൻ തുടിക്കണമെങ്കിൽ വൈവാഹിക ജീവിതത്തിൽ പ്രവേശിക്കണം. ഭക്തജീവിതത്തിനു അതനിവാര്യമാണ്.

അല്ലാഹു പറയുന്നു: "മനുഷ്യസമൂഹമേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്നു സൃഷ്ടിക്കുകയും അതിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അങ്ങനെ അത് രണ്ടിൽ നിന്നുമായി എത്രയോ സ്ത്രീപുരുഷന്മാരെ വ്യാപിക്കുകയും ചെയ്തിരിക്കുന്ന നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. നിങ്ങൾ ഏത് അല്ലാഹുവിനെ മുൻനിർത്തി അന്യോന്യം തേടുന്നുവോ അവന്റെ സന്നിധിയിൽ സൂക്ഷ്മത പാലിക്കുക. അപ്രകാരം തന്നെ രക്തബന്ധത്തെയും സൂക്ഷിച്ചുകൊള്ളുക. നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം അല്ലാഹു നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു." (അന്നിസാഅ്:1)

"നിങ്ങളിൽ അവിവാഹിതർക്കും നിങ്ങളുടെ ദാസന്മാരിലും ദാസികളിലും പെട്ട നല്ല നടപടിക്കാർക്കും നിങ്ങൾ വിവാഹം ചെയ്തു കൊടുക്കുക. അവർ പരാശ്രയത്തോടെ ജീവിക്കുന്നവരെങ്കിൽ അല്ലാഹു തന്റെ ഔദാര്യം നല്കി അവരെ നിരാശ്രയരാക്കും. അല്ലാഹു അതിവിപുലമായ കഴിവിന്നുടമയാണ്. അവൻ എല്ലാം അറിയുന്നവനാണ്." (അന്നൂർ: 32)

ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കുവാനും ജഡികവികാരവിചാരങ്ങളുടെ ശരിയായ നിർവഹണത്തിനും നിയന്ത്രണത്തിനും അതുവഴി അനുപ്പെടാനുള്ള ആനന്ദത്തിനും ആസ്വാദനത്തിനും ആത്മനിഷ്ഠമായ ജീവിതം നയിക്കുവാനും വൈവാഹിക ജീവിതമല്ലാതെ മറ്റു മാർഗങ്ങളില്ല.

അതോടൊപ്പം ജീവൽപ്രക്രിയയിലൂടെ സൂക്ഷ്മമായ, ശുദ്ധമായ കൈമാറ്റവും ജീനുകളുടെയും ജനുസ്സുകളുടെയും സംരക്ഷണവും തലമുറകളുടെ വർണ-വർഗങ്ങളുടെ നിയാമകമായ നിലനില്പും വന്നു ചേരുന്നു. സാമൂഹിക കെട്ടുറപ്പും വ്യക്തിസംരക്ഷണവും കുടുംബസംവിധാനവും മേർവിലാസനിലനില്പും തിരിച്ചറിയൽ പ്രക്രിയയും സുഖമായും സുഗമമായും ഇവിടെ നിലനില്ക്കേണ്ടതുണ്ട്. പിതാവേതെന്നറിയുന്ന മാതാവേതന്നറിയുന്ന ഒരു തലമുറ ജന്മമെടുക്കുന്നത് കുറ്റമറ്റ ഈ സംവിധാനം വഴിയാണ്. അതിന്റെ നിലനില്പ് വിവാഹജീവിതത്തിന്റെ അർഥതലങ്ങളിൽ ശ്രദ്ധേയമായതും പ്രധാനപ്പെട്ടതുമത്രെ.

**നബിചര്യയിൽ നിന്ന്**: വിവാഹലക്ഷ്യം വിശദീകരിച്ചും അതിന് പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചുമുള്ള പ്രവാചകവചനങ്ങളിൽ ധാരാളമുണ്ട്. അവയിൽ ചിലത് ശ്രദ്ധിക്കാം. പ്രവാചകൻ(സ) പറയുന്നു: "ഒരടിമ വിവാഹിതനായാൽ അയാളുടെ മതജീവിതത്തിന്റെ പകുതി അയാൾ പൂർത്തീകരിച്ചു അവശേഷിക്കുന്ന പകുതിയിൽ അല്ലാഹുവിനെ അയാൾ സൂക്ഷിച്ചുകൊള്ളട്ടെ."(ഹാകിം)

"യുവസമൂഹമേ, നിങ്ങളിൽ ആർക്കെങ്കിലും കുടുംബജീവിതം നയിക്കാനുള്ള ശേഷിയെത്തിക്കഴിഞ്ഞാൽ അവൻ ഉടനെ വിവാഹിതനാകട്ടെ. നിശ്ചയം തന്റെ ദൃഷ്ടി നിയന്ത്രണത്തിനും ജനനേന്ദ്രിയ സംര

ക്ഷണത്തിനും അതാണുത്തമം. സാധിക്കാത്തപക്ഷം അയാൾ വ്രതമനുഷ്ഠിച്ചുകൊള്ളട്ടെ. അതയാൾക്കൊരു വികാരശമനമാണ്." (ബുഖാരി, മുസ്‌ലിം)

"വിവാഹം ചെയ്യൽ എന്റെ ചര്യയിൽപെട്ടതാണ്. ആരെങ്കിലും ആ ചര്യയോട് വിമുഖത കാണിച്ചാൽ അവൻ എന്നിൽ പെട്ടനവല്ല." (ബുഖാരി)

"ഈ ലോകം സുഖഭോഗവിഭവമാണ്. അതിലെ ഏറ്റവും നല്ല ഭോഗവസ്തു സദ്‌വൃത്തയായ സ്ത്രീയാകുന്നു." (മുസ്‌ലിം)

"മൂന്നാളുകൾ; അവരെ സഹായിക്കൽ അല്ലാഹുവിന്റെ ബാധ്യതയാണ്. അതിലൊരാൾ ജീവിതപരിശുദ്ധി ആഗ്രഹിച്ച് വിവാഹത്തിലേർപ്പെടുന്നവനാണ്." (തിർമിദി)

**സ്വഹാബികളുടെ ഉത്ബോധനം:** പ്രവാചകശിഷ്യന്മാരും ഈ വിഷയത്തിൽ നമ്മെ ഉത്ബുദ്ധരാക്കുന്നു. ഇബ്നു മസ്ഊദ്(റ) പറയുന്നു: പത്ത് ദിവസമേ ഞാൻ ജീവിക്കയുള്ളൂവെങ്കിൽ, അത്രയും ദിവസം വിവാഹിതനായി ജീവിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. കാരണം അവിവാഹിതനായി ജീവിച്ചുമരിച്ചു അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനെ ഞാൻ ഭയപ്പെടുന്നു.

ഇബ്നുഅബ്ബാസ്(റ) പറയുന്നു: ഒരൊറ്റ ദിവസമെങ്കിലും വിവാഹിതനായി ജീവിക്കലാണ് വർഷങ്ങളോളം ആരാധനകളിൽ മുഴുകുന്നതിനേക്കാൾ ഉത്തമം. ഒരു സന്യാസിയുടെ സന്യാസവും അയാൾ വിവാഹിതനാകുന്നതുവരെ പൂർത്തീകരിക്കപ്പെടുകയില്ല.

വിശ്വാസികളുടെ അടയാളമായി ക്വുർആൻ പറയുന്നതിൽ പ്രധാനപ്പെട്ടതാണ് അവർ അവരുടെ ജനനേന്ദ്രിയങ്ങളെ കാത്തുസൂക്ഷിക്കുന്നവരാകുന്നു എന്നത്. എണ്ണമറ്റ ഇന്ദ്രിയങ്ങളുടെ സമുച്ചയമാണ് ശരീരം. എല്ലാറ്റിനും അതിന്റേതായ ധർമമുണ്ട്. ഇന്ദ്രിയങ്ങളിൽ സുപ്രധാനമാണ് ജനനേന്ദ്രിയം. അതിന്റെ കാത്തുസൂക്ഷിപ്പും നിയന്ത്രണവും നിർവഹണവും കുറ്റമറ്റതാകേണ്ടതുണ്ട്. പ്രയോഗങ്ങളിലും നിയന്ത്രണങ്ങളിലും വരുന്ന തകരാറുകൾ വ്യക്തിജീവിതത്തെയും സാമൂഹിക ജീവിതത്തെയും കുടുംബ-രക്തബന്ധങ്ങളെയും സ്വഭാവ-വ്യവഹാര രീതികളെയും ശാരീരിക-മാനസിക-ആരോഗ്യ സംവിധാനങ്ങളെയും തകരാറിലാക്കും.

അല്ലാഹു പറയുന്നു: "അവർ അവരുടെ ജനനേന്ദ്രിയങ്ങളെ കാത്തുസൂക്ഷിക്കുന്നവരാകുന്നു; തങ്ങളുടെ ഇണകളിലും തങ്ങളുടെ നിയന്ത്രണത്തിലുള്ള ദാസിമാരിലുമായി മാത്രം. അതിന്നപ്പുറം വല്ലവരും ആഗ്രഹിക്കുന്നപക്ഷം അവർ അതിക്രമികളാകുന്നു. (ആൽമആരിജ്: 30,31)

# ഇണയെ തെരഞ്ഞെടുക്കൽ

സ്ത്രീ-പുരുഷ ബന്ധത്തിന്റെ സ്വാഭാവികവും വ്യവസ്ഥാപിതവും മതപരവും പരമ്പരാഗതവുമായ രൂപമാണ് വിവാഹം. സ്ത്രീ-പുരുഷന്മാർ ഉഭയസമ്മതത്തോടെ ഒന്നിച്ചു ജീവിക്കുമ്പോൾ വിവാഹമായി. ഒരു കുടുംബത്തിന്റെ അടിത്തറ അതോടുകൂടി നിലവിൽ വരുന്നു. ഇസ്‌ലാമിക തത്വപ്രകാരം "ഇന്ദ്രിയാനന്ദപൂരണത്തിനും സന്താനോല്പാദന സംരക്ഷണത്തിനുമായി പ്രപഞ്ചനാഥന്റെ കല്പനപ്രകാരം പ്രവാചക ചര്യയുടെ പിന്തുടർച്ചയായി നിർവഹിക്കപ്പെടുന്ന സ്ത്രീപുരുഷയോഗമാണ് വിവാഹം."

മനുഷ്യൻ ചെയ്യുന്ന കർമങ്ങളിൽ വിശുദ്ധമായ ഒന്നാണ് വിവാഹം. ദൈവം അനതനുവദിച്ചിരിക്കുന്നു. ദൈവദൂതന്മാർ അതനുഷ്ഠിച്ചിരുന്നു. എല്ലാ ഉത്തമസമൂഹവും അത് നിർവഹിച്ചവരും അതിലെ നിയമങ്ങളെ കാത്തുസൂക്ഷിച്ചിരുന്നവരുമാണ്. അല്ലാഹു പറയുന്നു: "നിനക്കു മുമ്പും നാം ധാരാളം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവർക്കു നാം ഭാര്യമാരെയും സന്താനങ്ങളെയും നല്കിയിട്ടുമുണ്ട്." (അർറഅ്:38)

ദൈവസാന്നിധ്യം നിറഞ്ഞുനില്ക്കുന്ന വിശുദ്ധ കർമമായാണ് എല്ലാ മതങ്ങളും വിവാഹത്തെ കാണുന്നത്. മതവിശ്വാസമില്ലാത്തവരുടെ വിവാഹങ്ങൾക്കുപോലും വിശുദ്ധിയുടെ പരിവേഷമുണ്ട്. ഒന്നിച്ചുജീവിക്കാൻ സ്ത്രീക്കും പുരുഷനും സമൂഹം നല്കുന്ന അനുമതിയും അംഗീകാരവുമാണ് വിവാഹം.

സ്ത്രീയാകട്ടെ, പുരുഷനാകട്ടെ, അവരുടെ ജീവിതം മരണം

വരേക്കും സന്തോഷത്തോടും സമാധാനത്തോടും ക്ഷേമാനന്ദങ്ങളോടും കൂടി നിലനില്ക്കേണ്ടതുണ്ട്. തനിക്കിണങ്ങുന്ന, ഒതുങ്ങുന്ന, പരസ്പരം അംഗീകരിക്കുന്ന, ആദരിക്കുന്ന ഒരിണയെ കണ്ടെത്തുക എന്നതാണ് വൈവാഹികജീവിതത്തിന്റെ ആദ്യപടി. സൂക്ഷ്മതയും അവധാനതയും അന്വേഷണവും അതിന്നാവശ്യമാണ്. അതിന്നൊരുങ്ങുന്നതിനു മുമ്പ് കൃത്യമായ ലക്ഷ്യബോധം കാത്തുസൂക്ഷിക്കണം. എല്ലാ കാര്യങ്ങളിലുമെന്നപോലെ മതപരമായ മാർഗദർശനം ഈ വിഷയത്തിലുമുണ്ട്. അതറിഞ്ഞു പ്രവർത്തിച്ചാൽ ഒരളവോളം അപകടമൊഴിവാകും. വൈവാഹിക ജീവിതവഴിയിൽ പ്രവേശിക്കുന്ന ഏതൊരാൾക്കും അതൊരു വഴികാട്ടിയാണ്.

പ്രവാചകൻ പറയുന്നു: "സാധാരണയായി സ്ത്രീകൾ നാലു കാര്യങ്ങൾക്കായി വിവാഹം ചെയ്യപ്പെടും. അവളുടെ സമ്പത്തിനുവേണ്ടി, ആഭിജാത്യത്തിനുവേണ്ടി, അവളുടെ സൗന്ദര്യത്തിനുവേണ്ടി, അവളുടെ മതത്തിനുവേണ്ടി. അതിനാൽ മതബോധമുള്ളവളെക്കൊണ്ട് നീ വിജയം വരിക്കുക; നീ ദരിദ്രനായി മാറിയാലും ശരി." (ബുഖാരി, മുസ്‌ലിം)

സ്വാഭാവികമായും പുരുഷൻ തന്റെ ഇണയെ കണ്ടെത്തുമ്പോൾ ലക്ഷ്യമായി സ്വീകരിക്കപ്പെടുന്ന സുപ്രധാനമായ നാലു കാര്യങ്ങളാണിവിടെ പരാമർശിച്ചിരിക്കുന്നത്. ഏത് സമൂഹവും ഇതിൽ നിന്നും അന്യമല്ല.വിവിധതരം ലക്ഷ്യത്തോടുകൂടി ഇണകളെ തെരഞ്ഞെടുക്കുന്നവരുണ്ട്. ചിലർ ധനമോഹികളും മറ്റുചിലർ ആഭിജാത്യത്തെ ആഗ്രഹിക്കുന്നവരുമാകാം. എങ്കിലും അധികമാളുകളും സൗന്ദര്യത്തെ കാംക്ഷിക്കുന്നവരാണ്. മതബോധം ഇഷ്ടപ്പെടുന്നവരുമുണ്ട്. പക്ഷേ, ഈ നാലു കാര്യങ്ങളിൽ അവഗണിക്കാൻ സാധ്യതയുള്ളതാണ് മതബോധം. എന്നാൽ ജീവിതവിജയം അതിലാണ് അടങ്ങിയിരിക്കുന്നതെന്നാണ് പ്രവാചകധ്യാപനം.

തന്റെ ഇണയെന്നാൽ തന്റെ സമാധാനത്തിന്റെ സന്നിധാനവും തന്റെ വസ്ത്രവും തന്റെ ജീവിതപങ്കാളിയും തന്റെ സന്തതികളുടെ മാതാവാകേണ്ടവളുമാണ്. തന്റെ ഹൃദയത്തിന്റെ തൊട്ടിലും തന്റെ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരിയും വീടിന്റെ ഭരണാധിപയും സ്വത്തിന്റെ സംരക്ഷകയും തന്റെ ശുശ്രൂഷകയുമാണവൾ. വീട്ടിലെ കെടാവിളക്കും കുടുംബത്തിലെ സുപ്രധാന കണ്ണിയും ജന്മം നല്കേണ്ടവളും തലമുറകളെ താലോലിക്കേണ്ടവളും തന്റെ ഇന്ദ്രിയങ്ങൾക്ക് ഉത്തേജനമാകേണ്ടവളും അതിനെ മതിവരുവോളം തൃപ്തിപ്പെടുത്തേണ്ടവളും തന്റെ മതജീവിതത്തിന് അത്താണിയാകേണ്ടതുമെല്ലാം അവൾ തന്നെ. എത്രയെത്ര പറയാനുണ്ട് അവളെക്കുറിച്ച്...

ഈ വക ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടണമെങ്കിൽ അതിനുത

കുന്ന സദ്സ്വഭാവിയായ, സ്നേഹനിധിയായ, കുലീനതയുള്ള, മതബോധവും സൗന്ദര്യവുമുള്ള, തനിക്കു യോജിച്ച വിദ്യാഭ്യാസവുമുള്ള ഒരുവളെ കണ്ടെത്താൻ സാധിക്കണം. സൗന്ദര്യവും സമ്പത്തുമൊക്കെ ആപേക്ഷികമാണ്. എന്നാൽ വിദ്യയും മതബോധവും സംസ്കാരവും ആദർശനിഷ്ഠയും ആപേക്ഷികമല്ല. ഇത്തരത്തിലൊരിണയെ സ്വീകരിക്കാനുള്ള യോഗ്യത തനിക്കുണ്ടോ എന്ന ബോധം വൈവാഹിക ജീവിതത്തിന്നൊരുങ്ങുന്ന ഒരാണിലുണ്ടാകേണ്ടതാണ്. തുടർന്നുള്ള അന്വേഷണത്തിൽ നീതിപുലർത്താൻ അയാൾക്ക് അതുവഴി സാധിക്കണം.

## വിവാഹം എന്തിന്?

വിവാഹലക്ഷ്യങ്ങളിൽ സുപ്രധാനമാണ് സന്താനലബ്ധിയും ലൈംഗിക സംതൃപ്തിയും കുടുംബ ഭദ്രതയും. ഒരിക്കൽ ഒരാൾ നബി (സ്വ)യോട് ഇപ്രകാരം പറഞ്ഞു: “പ്രവാചകരേ, കുലീനതയും ആഭിജാത്യവും സൗന്ദര്യവുമുള്ള ഒരുവളെ ഞാൻ വിവാഹാലോചന നടത്തിയിരിക്കുന്നു. പക്ഷേ, അവൾ പ്രസവിക്കില്ല.'' പ്രവാചകൻ ആ വിവാഹത്തെ വിലക്കുകയാണുണ്ടായത്. കാരണം, വിവാഹത്തിന്റെ പ്രധാനലക്ഷ്യം അതുവഴി പൂർത്തീകരിക്കപ്പെടാതെ വരും.

മനുഷ്യൻ പ്രകൃത്യാ സൗന്ദര്യം ഇഷ്ടപ്പെടുന്നവനാണ്. സൗന്ദര്യവും സൗഭാഗ്യവും ജീവിതത്തിന്റെ രണ്ടറ്റങ്ങളായാണ് പരിഗണിക്കപ്പെടുന്നത്. പരമാവധി സൗന്ദര്യത്തെ അംഗീകരിക്കണമെന്നും അനുഭവിക്കണമെന്നും അനുഭവിപ്പിക്കണമെന്നുമാണ് മതശാസനകൾ. ദൈവം അതീവസുന്ദരനും ദൈവനാമങ്ങൾ അത്യുൽകൃഷ്ടവുമാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നവനുമാണ്. അവന്റെ സൃഷ്ടിപ്പും സുന്ദരമാണ്. ഈ പ്രകൃതി എത്ര മനോഹരമാണ്! മുഗീറതുബ്നുശുഅ്ബ വിവാഹാലോചന നടത്തിയ വിവരം പ്രവാചകൻ അറിഞ്ഞപ്പോൾ പ്രവാചകൻ പറഞ്ഞു: “നീ അവളെ ചെന്നു കാണുക. നിങ്ങൾക്കിടയിൽ സ്നേഹബന്ധം നിലനില്ക്കാൻ അതാണുത്തമം.”

സദ്വൃത്തരായ ഇണകളെക്കുറിച്ചുള്ള പ്രവാചക പ്രസ്താവന ഇവ്വിധമായിരുന്നു: “ഉത്തമസ്ത്രീകൾ എന്നുവെച്ചാൽ നീ അവളെ നോക്കിയാൽ അവൾ നിന്നെ സന്തോഷിപ്പിക്കും. അവളോടു നീ കല്പിച്ചാൽ അവൾ അനുസരിക്കും. നീ അവളിൽ നിന്നും അപ്രത്യക്ഷമായാൽ അവളെയും നിന്റെ സമ്പത്തിനെയും നിനക്കുവേണ്ടി അവൾ സംരക്ഷിക്കും.”

താൻ വിവാഹം ചെയ്യാനുദ്ദേശിക്കുന്ന സ്ത്രീക്ക് കടുത്ത ന്യൂനതകളോ ഗോപ്യമായ പോരായ്മകളോ ഉണ്ടോയെന്നന്വേഷിക്കാവുന്നതാണ്. അതിനൊന്നും മതപരമായ വിലക്കുകളില്ല. സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ സമീപനങ്ങൾ പരമാവധി

കുറ്റമറ്റതാകാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രായവ്യത്യാസങ്ങളിലെ ക്രമക്കേടുകളും ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ തന്നെ. ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാണിച്ച് സാമാന്യവത്കരിക്കരുത്. അത് ഗുണത്തെക്കാളേറെ ദോഷം ചെയ്യും. ഇഷ്ടമുള്ളവർക്ക് അതാകാവുന്നതാണ്. തന്റെ മകളെ വിവാഹാന്വേഷണം നടത്തിയ അബൂബക്ർ(റ), ഉമർ(റ) എന്നിവരോടു പ്രവാചകൻ പറഞ്ഞത് അവൾ പ്രായംകൊണ്ട് ചെറുപ്പമാണ് എന്നായിരുന്നു. പിന്നീട് മകൾ ഫാത്വിമ(റ)യെ അലി(റ)ക്ക് വിവാഹം ചെയ്തു കൊടുത്തു.

## ഇണയെ തെരഞ്ഞെടുക്കൽ

ഇസ്‌ലാമിക നിയമപ്രകാരം ഒരു സ്ത്രീക്ക് സ്വന്തം ഉത്തരവാദിത്തത്തിൽ വിവാഹിതയാകാവതല്ല. തന്റെ സംരക്ഷണം ആരുടെ കൈകളിലാണോ ഏല്പിക്കപ്പെട്ടിരിക്കുന്നത് അവരുടെ ഉത്തരവാദിത്തത്തിലും മേൽനോട്ടത്തിലുമാണ് ഒരു സ്ത്രീ വിവാഹം ചെയ്യപ്പെടേണ്ടത്. എന്നു കരുതി സ്ത്രീക്ക് സ്വന്തമായ സ്വാതന്ത്ര്യമില്ലെന്നോ തനിക്കനുയോജ്യനായ ഇണയെ കണ്ടെത്തുന്നതിൽ യാതൊരുവിധ പങ്കുമില്ലെന്നോ ഇതിനർഥമില്ല. സ്ത്രീയുടെ പരിപൂർണമായ അറിവും സമ്മതവും സംതൃപ്തിയും ഈ വിഷയത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ആരുടെ നിർബന്ധവും തക്ക കാരണങ്ങളില്ലെങ്കിൽ സ്വീകരിക്കപ്പെടാവതല്ല. മാത്രമല്ല, തന്റെ ഉത്തരവാദിത്തത്തിലുള്ള ഒരു സ്ത്രീക്ക് അനുയോജ്യനായ വരനെ കണ്ടെത്തുന്നതിൽ തികഞ്ഞ ഉത്സാഹവും ശ്രദ്ധയും നീതിയും രക്ഷാധികാരികൾ വെച്ചുപുലർത്തണം. സ്വന്തമായ താല്പര്യങ്ങളുടെ പേരിൽ ആരുടെ സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കപ്പെട്ടുകൂടാ.

ഈ വിഷയത്തിലും പ്രവാചകൻ ചില കാഴ്ചപ്പാടുകളും മുന്നറിയിപ്പുകളും നല്കുന്നുണ്ട്. പ്രവാചകൻ പറയുന്നു: "മതപരമായും സ്വഭാവപരമായും തൃപ്തികരമായ ഒരാൾ നിങ്ങളോട് വിവാഹാന്വേഷണം നടത്തിയാൽ നിങ്ങൾ അയാൾക്ക് വിവാഹം ചെയ്തു കൊടുക്കുക. അങ്ങനെ നിങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ ഭൂമിയിൽ ദൂരവ്യാപകമായ കുഴപ്പങ്ങളും നാശങ്ങളുമുണ്ടാകും."(തിർമിദി)

വളരെയേറെ പ്രാധാന്യമുള്ള വിഷയമാണ് അതീവ ഗൗരവത്തോടെ പ്രവാചകൻ അവതരിപ്പിക്കുന്നത്. തന്റെ കീഴിലുള്ള സ്ത്രീയെ മതനിഷ്ഠയും സ്വഭാവ വിശുദ്ധിയുമുള്ള ഒരാൾക്കായിരിക്കണം വിവാഹം ചെയ്തു കൊടുക്കേണ്ടത്. അതിനു പകരം മറ്റു താല്പര്യങ്ങളെ മുൻനിർത്തി അതു നിഷേധിച്ചാൽ ദൂരവ്യാവകമായ പ്രത്യാഘാതങ്ങൾക്ക് അയാൾ കൂട്ടുനിന്നു. എല്ലാ അർഥത്തിലും അപകടകരമായ ഒന്നാണിത്. ഒരിക്കൽ ഹസനോട്(റ) ഒരാൾ ഇപ്രകാരം ചോദിച്ചു:

എനിക്കൊരു പെൺകുട്ടിയുണ്ട്. അവളെ ഞാൻ ആർക്കാണു വിവാഹം ചെയ്തു കൊടുക്കേണ്ടത്? അദ്ദേഹം പറഞ്ഞു: ദൈവഭക്തനായ ഒരാൾക്കു നീ അവളെ വിവാഹം ചെയ്തു കൊടുക്കുക. അവൻ അവളെ ഇഷ്ടപ്പെട്ടാൽ ആദരിക്കും. വല്ല വെറുപ്പും തോന്നിയാൽ അവളോട് അതിക്രമം പ്രവർത്തിക്കില്ല.

ആഇശ(റ) പറയുന്നു: വിവാഹം ഒരു ബന്ധനമാണ്. അതിനാൽ തന്റെ മക്കളെ ആർക്കാണ് വിവാഹം ചെയ്തു കൊടുക്കേണ്ടതെന്ന് നിങ്ങൾ ആലോചിക്കണം. പ്രവാചകൻ പറഞ്ഞു: "ഒരു അധർമകാരിക്ക് തന്റെ മകളെ ഒരാൾ വിവാഹം ചെയ്തു കൊടുത്താൽ അവളുടെ രക്ത ബന്ധം അവൻ മുറിച്ചുകളഞ്ഞു." (ഇബ്നുഹിബ്ബാൻ)

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റ) പറയുന്നു: "അധർമത്തിൽ മുഴുകിയ ഒരാൾക്കും നിങ്ങൾ വിവാഹം ചെയ്തു കൊടുക്കരുത്." ഈ വിഷയത്തിൽ ഏറ്റവുമധികം ക്രമക്കേടുകൾ നടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. തന്റെ കീഴിലുള്ള സ്ത്രീകളെ എങ്ങനെയെങ്കിലും പടിയിറക്കുക എന്ന ഒരൊറ്റ ലക്ഷ്യമേ പലർക്കുമുള്ളൂ. സത്യവും നീതിയും ആദർശവും ആറ്റിലെ ചണ്ടിപോലെ അവഗണിക്കപ്പെടുന്നു. ഇന്നു കാണുന്ന സാമൂഹിക കുഴപ്പങ്ങൾക്കൊക്കെ ഒരു പരിധിവരെ ഇത് കാരണമാകുന്നു.

തിരക്കും വ്യഗ്രതയും എവിടെയും ദൃശ്യമാണ്. ഒന്നിനും സമയമില്ല, അവധിയില്ല. കത്തുവഴി, ഫോൺവഴി, പത്രപ്പരസ്യം വഴി തലതിരിഞ്ഞ ദല്ലാളന്മാർ വഴി ജാലകപ്പഴുതിലൂടെ, മറ്റു അന്താരാഷ്ട്ര വലക്കണ്ണികളിലൂടെ എല്ലാം വിവാഹം ഉറപ്പിക്കപ്പെടുകയാണ്. എന്തുകിട്ടും? എത്ര കൊടുക്കും? ഇപ്പോഴെത്ര? പിന്നീടെത്ര? പണമെത്ര? പണ്ടമെത്ര? ഇതൊക്കെയാണ് ചർച്ചാവിഷയം. ഒരു നാൽക്കാലിയെ വാങ്ങുമ്പോഴുള്ള ശ്രദ്ധപോലും പാലിക്കപ്പെടുന്നില്ല. ജീവനും ജീവിതവും പങ്കുവെക്കേണ്ട ജീവിത പങ്കാളികളെ ഇങ്ങനെയാണോ കണ്ടെത്തേണ്ടത്? എങ്കിൽ അതെത്ര കഷ്ടമാണ്; നഷ്ടമാണ്!

മതനിഷ്ഠയും വിദ്യാഭ്യാസവും ആദർശനിഷ്ഠയും ആരോഗ്യവും തൊഴിലും സൗന്ദര്യവും സംസ്കൃതിയും സ്വഭാവകുലീനതയും പ്രായപ്പൊരുത്തവും പരിഗണിക്കപ്പെട്ടുകൊണ്ടുള്ള വിവാഹബന്ധങ്ങളാണുത്തമം. എന്നാൽ പ്രാമുഖ്യം ഏതവസരത്തിലും മതത്തിനും സ്നേഹത്തിനും സ്വഭാവത്തിനും സൂക്ഷ്മജീവിതത്തിനുമാണ്. പ്രവാചകോപദേശം അതാണ് നമുക്ക് നല്കുന്ന പാഠം. സ്നേഹമാണ് വലുത്. വിവാഹക്കമ്പോളത്തിൽ ഏറ്റവുമധികം ആവശ്യമുള്ള വസ്തു സ്നേഹമാണ്. ഇബ്നുഅബ്ബാസ്(റ) വിൽ നിന്ന്, ഒരിക്കൽ ഒരാൾ പ്രവാചകനോട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ തിരുദൂതരേ, എന്റെ സംരക്ഷണത്തിനു കീഴിൽ ഒരു അനാഥ യുവതിയുണ്ട്. അവളെ ഒരു ധനികനും ഒരു ദരിദ്രനും വിവാഹാന്വേഷണം നടത്തിയിട്ടുണ്ട്.

ഞങ്ങൾക്കിഷ്ടം പണക്കാരനെയാണ്; അവൾക്കിഷ്ടം ദരിദ്രനെയും. അപ്പോൾ റസൂലുല്ലാഹി(സ്വ) പറഞ്ഞു: ഇഷ്ടപ്പെട്ട രണ്ടുപേർക്കിടയിൽ വിവാഹമല്ലാതെ മറ്റു വഴിയില്ല.

സ്നേഹവും പ്രേമവും ആദരിക്കപ്പെടണം. എന്നാൽ വഴിവിട്ട ഒന്നും അംഗീകരിക്കാവതല്ല. ആരുടെ നിർബന്ധവും വിവാഹവേളയിൽ സ്വീകാര്യമല്ല. നബി(സ്വ)യുടെ കാലത്ത് ഒരാൾ തന്റെ മകളെ അവൾക്കിഷ്ടമില്ലാത്ത ഒരാളെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. വിവരം പ്രവാചനറിഞ്ഞപ്പോൾ ആ ബന്ധം വേർപെടുത്തി അവർക്കിഷ്ടപ്പെട്ട പുരുഷന് വിവാഹം ചെയ്തു കൊടുത്തു. പ്രവാചകൻ ഇപ്രകാരം പ്രഖ്യാപിച്ചു. "അനുവാദം ചോദിക്കാതെ കന്യക വിവാഹം ചെയ്യപ്പെ ടാവതല്ല. അവളുടെ അനുവാദം അവളുടെ മൗനസമ്മതമാണ്." ഖൻസാഉബിൻത് ഖിദാമിനെ അവളുടെ അനുവാദമില്ലാതെ അവരുടെ പിതാവ് ഒരാൾക്ക് വിവാഹം ചെയ്തുകൊടുത്തു. പ്രവാചകന്നരികിൽ അവൾ പരാതിയുമായി വന്നു. പ്രവാചകൻ ആ വിവാഹബന്ധം വേർപെടുത്തി. (ബുഖാരി)

സ്ത്രീകളുടെ അവകാശങ്ങൾ ഒരു നിലയ്ക്കും ഹനിക്കാവതല്ല. അല്ലാഹു അനുവദിച്ചതും പ്രവാചകൻ സ്വീകരിച്ചതുമായ നടപടിക്ര മങ്ങളിൽ ന്യൂനത ദർശിക്കാവതല്ല. അത് തികച്ചും സമഗ്രവും സമ്പൂർണവും സർവകാല സംബന്ധിയുമാണ്.

## മഹ്റും ആരോഗ്യകരമായ നിബന്ധനകളും

വധൂവരന്മാർ ഇഷ്ടപ്പെട്ടുറച്ചാൽ അവർക്കിടയിൽ വിവാഹബന്ധ ത്തിനുള്ള ഏർപ്പാടുകൾ ചെയ്യണം. വിവാഹമൂല്യം പറഞ്ഞുറപ്പിക്കാ വുന്നതാണ്. അത് മാന്യമായ അവളുടെ പദവിക്ക് ഒത്തതായിരിക്കണം. തെറ്റായ നടപടിക്രമങ്ങൾ തീർത്തും കൈവെടിയേണ്ടതാണ്. അമിത മായ വിവാഹമൂല്യം ആവശ്യപ്പെടാവതല്ല. അല്ലാഹു പറയുന്നു: "സ്ത്രീകൾക്കുള്ള മഹ്റ് ഒരു പാരിതോഷികമായി നിങ്ങൾ അവർക്കു നല്കുക. പിന്നീടവർ സംതൃപ്തിയോടെ വല്ലതും നിങ്ങൾക്കു വിട്ടുത ന്നാൽ അത് മനസ്സംതൃപ്തിയോടെ അനുഭവിച്ചുകൊള്ളുക." (അന്നി സാഅ്:4)

അർഹതയില്ലാത്ത ഒരു നിബന്ധനയും സ്വീകരിക്കാവതല്ല. സ്ത്രീധ നവും മറ്റു അനിസ്ലാമിക വിഷയങ്ങളും ഊരാക്കുടുക്കുകളുമൊക്കെ വർജിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങ ളുടെ ധനം നിങ്ങൾ അന്യോന്യം തെറ്റായ മാർഗത്തിലൂടെ കരസ്ഥ മാക്കി അനുഭവിക്കരുത്." (അന്നിസാഅ്: 29)

ആരോഗ്യകരമായ നിബന്ധനകൾ പറഞ്ഞുറയ്ക്കാവുന്നതാണ്. പാലിക്കപ്പെടാൻ ഏറ്റവും അർഹമായ നിബന്ധനകൾ വിവാഹവേള

യിൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ സ്വീകരിച്ചുറയ്ക്കുന്ന നിബന്ധനകളാണ് എന്ന് നബി(സ്വ) പ്രസ്താവിച്ചിരിക്കുന്നു. ഈ നിബന്ധനപ്രകാരം ഭാര്യയ്ക്ക് ഭർതൃകുടുംബത്തിലോ ഭർത്താവിന് ഭാര്യാകുടുംബത്തിലോ ജീവിതം ആരംഭിക്കാവുന്നതാണ്. ഏതാണ് സൗകര്യം, അസൗകര്യം എന്നൊക്കെ അവർക്കു തീർച്ചപ്പെടുത്താവുന്നതാണ്. സ്വന്തമായ ഒരു വീടുണ്ടാകുന്നതുവരെ രണ്ടിലൊന്നേ കരണീയമായുള്ളൂ. രണ്ടിനും അതിന്റേതായ പ്രയാസങ്ങളും പ്രശ്നങ്ങളുമുണ്ട്. ഗുണകരമായത് സ്വീകരിക്കാവുന്നതുമാണ്.

# വിവാഹസദസ്സും ആഘോഷങ്ങളും

ആനന്ദവും ആഹ്ലാദവും ആരവം മുഴക്കുന്ന വേദിയാണ് വിവാഹ മുറ്റം. വിവാഹരവിരുന്നും സദ്യയും സദസ്സുമൊക്കെ ഈ ആഹ്ലാദത്തിന്റെ അടയാളങ്ങളാണ്. ആഹ്ലാദം അലതല്ലുന്ന ഈയവസരം അവിസ്മരണീയവും അനുഗ്രഹം നിറഞ്ഞതുമാണ്. മതിമറന്ന ആഹ്ലാദമോ ആഹ്ലാദപ്രകടനങ്ങളോ ഏതവസരത്തിലും അനുവദനീയമല്ല. അവസരത്തിനൊത്ത സന്തോഷവും ആനന്ദവും അനുഭവിക്കുന്നതിനു മതങ്ങളൊന്നും എതിരുമല്ല.

## വിവാഹസൽക്കാരം

വിവാഹത്തിന്റെ ക്ഷണവും സദ്യയൊരുക്കലും ഭക്ഷണം വിളമ്പലും അതിൽ പങ്കെടുക്കലുമൊക്കെ നബിചര്യയിൽ പെടുന്നു. ഓരോരുത്തരും അവനവന്റെ കഴിവും സാധ്യതയുമനുസരിച്ച് നിർവഹിക്കേണ്ട ഒന്നാണിത്. ധൂർത്തും പൊങ്ങച്ചവും വെടിഞ്ഞുകൊണ്ടുള്ള ഒരു മിതമായ സമീപനമാണ് എവിടെയും എപ്പോഴും നമുക്കാവശ്യം. അറുപിശുക്കൻ പരിപാടികളോ 'അടിപൊളി' ഏർപ്പാടുകളോ നമുക്കു ചേർന്നതല്ല. ആരോഗ്യകരമായ പാട്ടും കളിയുമൊക്കെ അനുവദനീയം തന്നെ. വിവാഹവീടും പന്തലും ഒരു മരണവീടുപോലെ ആകാവതല്ല. ബന്ധുമിത്രാദികളെ വിളിച്ചും പങ്കെടുപ്പിച്ചും സന്തോഷപൂർവം ആഘോഷിക്കേണ്ടതാണത്. പക്ഷേ, കടംവാങ്ങിയും പണയപ്പെടുത്തിയും ഉള്ളതൊക്കെ വിറ്റുപെറുക്കിയും ഇന്നു നടത്തുന്ന കല്യാണവിരുന്നുകൾ സന്തോഷമല്ല നമുക്കു നല്കുന്നത്; മറിച്ചു സങ്കടവും തീർത്താൽ തീരാത്ത വേദനകളും വ്യഥകളും ബാധ്യകളുമാണ്.

## വിവാഹക്കരാർ

വിവാഹകർമം പരിപാവനമാണ്. അതിന്റെ പരിശുദ്ധിക്ക് കോട്ടംവരാത്ത വിധം അത് നിർവഹിക്കണം. രേഖപ്പെടുത്തണം. സാക്ഷികൾ സത്യസന്ധരാകണം. കാർമികത്വത്തിന്റെ പേരിലുള്ള കാട്ടിക്കൂട്ടലുകൾക്ക് വേദിയാകരുത്. ഉപദേശ നിർദേശങ്ങൾ നല്കപ്പെടണം. രക്ഷാകർതൃത്വം മാന്യമായി പ്രയോഗവത്കരിക്കണം. അനാചാരങ്ങൾക്ക് അറുതിയുണ്ടാകണം. വിവാഹിതരായ നവവധൂവരന്മാരെ അനുമോദിക്കുകയും ആശീർവദിക്കുകയും വേണം. "അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. അവൻ നിങ്ങളിൽ അനുഗ്രഹം വർഷിക്കട്ടെ. അവൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഊട്ടിയുറപ്പിക്കട്ടെ." എന്നിങ്ങനെ അതാകാവുന്നതാണ്.

എല്ലാവിധ അനാചാരങ്ങളും തെറ്റായ മാമൂലുകളും ഈയവസരത്തിൽ വർജിക്കണം. കാരണം പടച്ചതമ്പുരാന്റെ അനുഗ്രഹം വർഷിക്കേണ്ട ഈ അനുഗൃഹീത വേളയിൽ അവന്റെ കോപത്തിന് ഇടവരുത്തുന്ന യാതൊരു വെടിക്കെട്ടും പൊട്ടാതെ നോക്കണം. പുതുമണവാളനു വേണ്ടിയും പുതുമണവാട്ടിക്കു വേണ്ടിയും അനുഗ്രഹാനുമോദനങ്ങൾ അറിയിക്കേണ്ടതാണ്. ആഇശ(റ) പറയുന്നു: പുതുമണവാട്ടിയായി എന്നെ തിരുനബിയുടെ വസതിയിലേക്കു കൂട്ടിക്കൊണ്ടു വന്നപ്പോൾ അവർ എനിക്കുവേണ്ടി അനുഗ്രഹാനുമോദനങ്ങൾ അർപ്പിച്ചിരുന്നു.

## ആഘോഷം ആരോഗ്യകരമാക്കുക

ഓരോ ജനവിഭാഗത്തിലും നിലനില്ക്കുന്ന നല്ലതായ എല്ലാ നടപടിക്രമങ്ങളും വിവാഹവേളയിൽ അനുവദനീയം തന്നെ. വിശ്വാസാദർശങ്ങളെ ഹനിക്കുന്ന എല്ലാ അനാശാസ്യപ്രവണതകളിൽ നിന്നും മുക്തമാകണമെന്നുമാത്രം. നമസ്കാരം പോലെ, ഹജ്ജ് പോലെ കൃത്യമായി ഇന്നതേ പാടുള്ളൂ എന്ന് പറയുക പ്രയാസമാണ്. ഒരിക്കൽ ആഇശ(റ) അൻസ്വാറുകളിൽ പെട്ട ഒരാൾക്ക് പുതുമണവാട്ടിയെ അണിയിച്ചൊരുക്കി. പ്രവാചകൻ അവരോട് ചോദിച്ചു: "വിനോദങ്ങളൊന്നുമില്ലേ നിങ്ങളോടൊപ്പം? അൻസ്വാറുകൾ വിനോദം ഇഷ്ടപ്പെടുന്നവരാണ്." (ബുഖാരി)

ആഘോഷ വേളകൾ ആരോഗ്യകരമായിരിക്കണം എന്നതാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. മൈലാഞ്ചിയും പാട്ടുമൊക്കെ പ്രവാചകൻ ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ ആമിറുബ്നു സഅ്ദ്, ഖുർതുബ്നുകഅ്ബിനും അബൂമസ്ഊദിനും അരികിലെത്തി. അപ്പോൾ അവിടെ പെൺകുട്ടികൾ പാട്ടുപാടുകയും ദഫ്മുട്ടുകയും ചെയ്യുന്നുണ്ട്. അദ്ദേഹം അവരോട് ചോദിച്ചു. 'മുഹമ്മദിന്റെ സമൂഹമേ, നിങ്ങൾ എന്താണ് ചെയ്യുന്നത്!' അവർ പറഞ്ഞു: 'വിവാഹവേളയിൽ നമുക്കതിൽ ഇളവ് അനുവദിച്ചിരിക്കുന്നു.' (ഹാകിം, ബൈഹകി)

സന്തോഷ സന്ദർഭങ്ങൾ വിശാലത നഷ്ടപ്പെട്ട മതബോധത്തിന്റെ വേലിക്കുള്ളിൽ സന്താപവേളകളായി മാറാതിരിക്കാൻ ശ്രമിക്കണം; ശ്രദ്ധിക്കണം.

# മണിയറയ്ക്കുള്ളിലെ ജീവിതം

സ്ത്രീ-പുരുഷ സംയോഗമാണ് വിവാഹകർമത്തിന്റെ മർമവും ധർമവും. വിവാഹവേദിയിലെത്തിയവർ ഇണകളായിത്തീരുന്ന അതി വിശുദ്ധ അവസരമാണിത്. ഇണചേരൽ പ്രപഞ്ചനിലനില്പിന്റ സുപ്ര ധാന ഘടകമാണ്. ജീവനുള്ളതെല്ലാം ഈ പ്രക്രിയ സജീവമായി കാത്തുസൂക്ഷിക്കുന്നു. ജന്തുജാലങ്ങൾ പ്രകൃതിജന്യമായ കൃത്യമായ നിയമങ്ങൾക്കു വിധേയമായി അതിലേർപ്പെടുന്നു.

## ലൈംഗികതയുടെ അനിവാര്യത

ലൈംഗികത ദൈവാനുഗ്രഹങ്ങളിൽ ഒന്നാണ്. അത് സൗന്ദര്യവും പരിപാവനവും ദൈവദാനവും നന്മയുമാണ്. ലൈംഗികത മനുഷ്യശ രീരത്തിന്റെ ഏതെങ്കിലുമൊരു കോണിൽ ഒളിച്ചിരിക്കുന്ന ഒന്നല്ല. സ്ത്രീ-പുരുഷ വ്യത്യാസം വെറും ശാരീരികം മാത്രമല്ല; അത് മാനസി കവും വൈയക്തികവും വൈകാരികവുമായ സുവ്യക്ത പ്രകടനമാണ്. വ്യക്തിത്വം മുഴുവനും നിറഞ്ഞുനില്ക്കുന്ന പ്രതിഭാസമാണ്. ഒറ്റപ്പെട്ട ഏതെങ്കിലും ഒരവയവത്തെ അത് കേന്ദ്രീകരിക്കുന്നില്ല.

സുപ്രധാന, അപ്രധാന വ്യത്യാസങ്ങളുണ്ടായിരിക്കാം. കണ്ണും കാതും കരളുമൊക്കെ പങ്കുചേരുന്ന സർവയോഗമാണത്. അതിനാലാ കാം ലൈംഗികബന്ധത്തിനു സംയോഗമെന്ന അർഥതലം കൈവന്നത്. അറബിയിൽ 'ജിമാഅ്' എന്നാണ് അതിനു പറയുന്നത്. എത്ര സത്യസ ന്ധമായ പദപ്രയോഗം! ഈ അർഥതലത്തെ സമഗ്രമായി സംരക്ഷിക്കു മ്പോൾ ജീവിതം മണിയറക്കുള്ളിൽ സഫലമാകുന്നു. എങ്കിൽ അതിനു പുറത്തും അത് സഫലമാകാതിരിക്കില്ല; തീർച്ച.

മനുഷ്യരുടെ അന്തസ്സത്തയിൽ ആഴത്തിൽ വേരൂന്നിനില്ക്കുന്ന, നിത്യമായി കൊളുത്തിയിട്ടടയ്ക്കാനാകാത്ത അന്തച്ഛോദനമാണ് ലൈംഗികത. മാനസികവും വൈകാരികവുമായ തലങ്ങളിൽ അലിഞ്ഞുചേർന്നു നില്ക്കുന്ന മനുഷ്യബന്ധങ്ങളിൽ സ്വാധീനം ചെലുത്തുന്ന സുപ്രധാന ഘടകമാണത്.

വ്യക്തിപൂർണതയ്ക്ക് ലൈംഗികത അനിവാര്യമാണ്. ഒരു വ്യക്തിയിൽ മാത്രം അത് പൂർണത കൈവരിക്കുന്നില്ല. സ്ത്രീപുരുഷബന്ധം അതിന്റെ അവിഭാജ്യ ഘടകമാണ്. പുരുഷനു സ്ത്രീയോടും സ്ത്രീക്കു പുരുഷനോടുമുള്ള അത്യധികമായ പ്രേമബന്ധം വഴിയാണ് അത് പൂർണത പ്രാപിക്കുന്നത്. വൈവാഹികബന്ധമാണ് ഇതിനെ ഉത്കൃഷ്ടവും ഉദാത്തവുമാക്കുന്നത്. ലൈംഗികത ദാമ്പത്യബന്ധത്തിലധിഷ്ഠിതമല്ലെങ്കിൽ അത് കേവലം ഒരു ജഢിക വികാരം മാത്രമാണ്. മൂല്യത കളഞ്ഞുകുളിച്ച ശാരീരിക ബന്ധമാണത്. അവിടെ ശാന്തിയും സമാധാനവും ദയാവായ്പും കാരുണ്യവുമില്ല. സ്നേഹമോ പ്രേമമോ അനുരാഗമോ അനുഭൂതിയോ ഇല്ല. ലൈംഗികതയുടെ ദുർവിനിയോഗം ദൈവകല്പനയുടെ ലംഘനമാണ്.

ദൈവം സ്ഥാപിച്ച പവിത്രമായ ബന്ധമാണ് വിവാഹബന്ധം. വിവാഹജീവിതത്തിൽ ഭാര്യാഭർത്താക്കന്മാർക്കു പരസ്പരമുണ്ടാകേണ്ട നിർമലവും നിസ്വാർഥവുമായ സുദൃഢസ്നേഹത്തിന്റെ ആമൂലാഗ്ര പ്രകടനമാണ് മണിയറയിൽ പ്രകാശിതമാകേണ്ടത്; അല്ലാതെ ഏതെങ്കിലുമൊരു വ്യക്തി തന്റെ കാമവെറിക്കായി കാട്ടിക്കൂട്ടുന്ന വൃത്തികെട്ട ചേഷ്ടകളല്ല. അതിനു മണിയറ ഒരുക്കേണ്ടതുണ്ടോ? രതിസുഖം മാത്രം നുകരാനുള്ളതല്ല മണിയറ. വൈവാഹിക ബന്ധത്തിന്റെ മാധ്യമം ശരീരമാണല്ലോ. ശാരീരികസ്നേഹം എന്നും ഒരേ അളവിൽ കാത്തുസൂക്ഷിക്കപ്പെടില്ല. അതെന്നും ഒരുപോലെ തിളക്കമുള്ളതാകില്ല.

## പങ്കാളികൾ അറിഞ്ഞു പെരുമാറുക

ലൈംഗികതയോടുള്ള സ്നേഹം മാത്രമല്ല, വിവാഹജീവിതം. ഇസ്ലാം അങ്ങനെ വിഭാവനം ചെയ്യുന്നില്ല. ജീവിതപങ്കാളിയെ വെറുമൊരു ലൈംഗികോപകരണമായി അത് കാണുന്നില്ല. ശരീരങ്ങളുടെ ഒന്നിപ്പിലൂടെ ഹൃദയങ്ങളുടെ രഞ്ജിപ്പും യോജിപ്പുമാണുണ്ടാകേണ്ടത്. ഞാൻ, നീ എന്നീ അർഥതലങ്ങളെ വിട്ട് നാം, നമ്മൾ എന്നിടത്തെത്തുമ്പോൾ അതാണ് വിവാഹബന്ധം. അനുദിന സന്തോഷങ്ങളും ദു:ഖങ്ങളും ത്യാഗങ്ങളും ക്ലേശങ്ങളും പങ്കുവെച്ചനുഭവിക്കാനുള്ള സ്വകാര്യ ഇടം കൂടിയാണ് മണിയറ. ഇതറിയുന്നവർ എത്ര പേരുണ്ട്? സ്വന്തം വ്യക്തിത്വത്തിലൂടെ ജീവിതപങ്കാളിയുടെ വ്യക്തിത്വത്തെക്കൂടി സമന്വയിച്ചെടുക്കുന്ന പർണശാലയാണ് യഥാർഥ മണിയറ. അശിക്ഷിതമായതെന്തും ശിക്ഷയായി വരും എന്നൊരു ചൊല്ലുണ്ട്. കാമവും

അതിൽ നിന്നും അന്യമല്ല. അശിക്ഷിതമായ കാമം ഒരു വ്യക്തിയെ തട വറയ്ക്ക് തുല്യം തളച്ചിടും. ഇത് മണിയറകൾ തടവറകളാക്കിയേക്കും.

ലൈംഗികതയെക്കുറിച്ചുള്ള പക്വമായ അറിവ് ഏതൊരു വ്യക്തിയും ആർജിച്ചിരിക്കണം. യഥാസമയം അതറിയാനും അറിയി ക്കാനും അവസങ്ങളൊരുക്കണം. അതറിയണമെന്ന ആഗ്രഹം വ്യക്തി ക്കുമുണ്ടാകണം. അറിയാതെ അറിഞ്ഞുപോകുന്ന അറിവുകളിൽ അതുൾപ്പെടാവതല്ല. അങ്ങനെ വരുമ്പോൾ അതിന്റെ അർഥതലങ്ങളെ മുഴുവനായും തിരിച്ചറിയാനോ കാത്തുസൂക്ഷിക്കാനോ കഴിയാതെ വരും. അവിഹിതമാർഗങ്ങൾ വിഹിതമാർഗങ്ങൾക്കു തടസ്സമാകും. തക രുന്നത് ഒരു കുടുംബമോ സമൂഹമോ സർവോപരി ഒരു മനുഷ്യകുലം ഒന്നടങ്കമോ ആയിരിക്കും. മണിയറയ്ക്കുള്ളിൽ പാലിക്കപ്പെടേണ്ട പ്രവാ ചകമാതൃകകൾ ഇവിടെ ചെറുതായി പരാമർശിക്കാം.

പ്രവാചകർ പറഞ്ഞു: "നിങ്ങൾ ഒരു സ്ത്രീയെ വിവാഹം കഴിച്ചാൽ അവളുടെ മൂർധാവിൽ കൈവെച്ച് അല്ലാഹുവിന്റെ നാമമുച്ചരിച്ച് അനു ഗ്രഹത്തിനുവേണ്ടി പ്രാർഥിക്കണം. അല്ലാഹുവേ, ഇവരിലുള്ള എല്ലാ ഗുണങ്ങളും ഞാൻ നിന്നോട് ചോദിക്കുന്നു, നീ അവളിൽ നിക്ഷിപ്ത മാക്കിയ എല്ലാ നന്മകളും. ഇവരുടെ എല്ലാ ദോഷങ്ങളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. എല്ലാ നന്മകളിലും ഞങ്ങളെ ഒരുമിച്ചുകൂ ട്ടേണമേ." (ബുഖാരി, അബൂദാവൂദ്)

അസ്മാഉബിൻത് യസീദ് പറയുന്നു: ആഇശ(റ)യെ ഞാൻ പ്രവാ ചകനുവേണ്ടി ചമയിച്ചൊരുക്കി അവളെ കാണാനായി അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. അങ്ങനെ പ്രവാചകൻ മണിയറയിലേക്ക് അവളെ കാണാനായി വന്ന് അവൾക്കരികിലിരുന്നു. ഒരു കപ്പ് പാൽ കൊണ്ടുവരപ്പെട്ടു. പ്രവാചകൻ അത് കുടിച്ചു. പിന്നീട് പ്രവാചകൻ അവൾക്കുനേരെ അത് നീട്ടി. അവൾ ലജ്ജകൊണ്ട് തല താഴ്ത്തി. അസ്മാഅ് പറയുന്നു: അപ്പോൾ ഞാനവളെ ആക്ഷേപിച്ചു. പ്രവാചക നിൽ നിന്നും അത് വാങ്ങാനാവശ്യപ്പെട്ടു. അവൾ അത് വാങ്ങി അല്പം കുടിച്ചു. അപ്പോൾ പ്രവാചകൻ അവളോടു പറഞ്ഞു: അത് നിന്റെ കൂട്ടുകാരികൾക്കും കൊടുക്കുക (ഹാകിം). മണിയറക്കുള്ളിലെ ഈ മാതൃക എത്ര മനോഹരം!

ഒരിക്കൽ ആഇശയോട് ചോദിക്കപ്പെട്ടു. വീട്ടിൽ പ്രവേശിച്ചാൽ പ്രവാചകൻ ആദ്യമായി എന്താണ് ചെയ്തിരുന്നത്? അവൾ പറഞ്ഞു: വായ വൃത്തിയാക്കും. മണിയറയിൽ ആദ്യം തുറക്കപ്പെടുന്നതും ആദ്യം ഉപയോഗിക്കുന്നതും അതാണല്ലോ. അവിടെ മുതൽ പാലിക്കപ്പെടേണ്ട തായ ജീവിതപരിശുദ്ധി അതെത്രമാത്രമാണെന്ന് ഊഹിക്കാവുന്നതേയു ള്ളൂ. വായയുടെ സ്വാഭാവികമായ പരിശുദ്ധി ശുദ്ധജലസമാനമാണ്. മദ്യം കൊണ്ടും മയക്കുമരുന്നുകൊണ്ടും പുകവലികൊണ്ടും പാൻപ രാഗുകൊണ്ടും വെറ്റിലകൊണ്ടും വൃത്തിഹീനമായ സമീപനം കൊണ്ടും അതിന്റെ പ്രകൃതിക്കു മാറ്റം വരുത്താവതല്ല. ആദ്യവാക്ക് തന്നെ നാറ്റ

മുള്ളതായാൽ നാറുന്നത് ജീവിതമാസകലമായിരിക്കും. ഇത്ര നിസ്സാര മായ കാര്യങ്ങളിൽ പോലും അവഗണന വെച്ചുപുലർത്താവതല്ല എന്നു സാരം.

ഇബ്നുഅബ്ബാസ്(റ) പറയുന്നു: അവളെനിക്ക് അണിഞ്ഞൊരുങ്ങു ന്നതുപോലെ അവൾക്കു ഞാനും അണിഞ്ഞൊരുങ്ങും. അവളോടുള്ള എല്ലാ ബാധ്യതകളും ഞാൻ നിർവഹിക്കും. അപ്പോൾ അവൾക്കെന്നോ ടുള്ള ബാധ്യതകളിൽ അവൾ നിർബന്ധം കാണിക്കും.

ഇണചേരൽ പ്രക്രിയ ഒരു കടന്നാക്രമണമല്ല. സ്വാഭാവികമായ ഒന്നിക്കലാണത്. കാമലീലകളുടെ അകമ്പടി അതിന്നാസ്വാദനവും ആക്കവും ആനന്ദവും വർധിപ്പിക്കും. അങ്ങനെ ലീലാവിനോദങ്ങളി ലൂടെ പ്രാർഥനാഭാവത്തോടെ ആരംഭം കുറിക്കേണ്ടതുണ്ട്. പ്രവാചകൻ പറയുന്നു: നീ നിന്റെ ഭാര്യയെ സമീപിച്ചാൽ 'അല്ലാഹുവിന്റെ നാമമു ച്ചരിച്ച്, അല്ലാഹുവേ, പിശാചിനെ നീ ഞങ്ങളിൽ നിന്നകറ്റേണമേ; ഞങ്ങൾക്കു നല്കുന്നതിൽ നിന്നും അതിനെ നീ അകറ്റേണമേ' എന്നു പറയണം. (ബുഖാരി)

ഏറ്റവും നല്ല പെരുമാറ്റമാണ് ഇണകൾ പരസ്പരം കൈമാറേണ്ട ത്. നിങ്ങളിൽ ഉത്തമർ സ്ത്രീകളോടു നന്നായി പെരുമാറുന്നവരാണ് എന്ന നബിവചനം സുപ്രസിദ്ധമാണ്. തന്റെ ആവശ്യങ്ങൾ പൂർത്തീക രിക്കപ്പെട്ടു കഴിഞ്ഞാലും അവളുടെ ആവശ്യപൂർത്തീകരണത്തിന് അവസരം നല്കണമെന്ന നബിവചനം ഓരോ മണിയറയ്ക്കുള്ളിലും തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെടേണ്ടതാണ്. ആരുടെ വ്യക്തി ത്വവും അപരഹിക്കപ്പെടരുത്. ആരുടെ അവകാശങ്ങളും അതെ വിടെയാണെങ്കിലും നിഷേധിക്കപ്പെട്ടുകൂടാ. ഇണകൾ പരസ്പരം വസ്ത്രതുല്യം ഇടപഴകുന്ന ഇടമാണ് മണിയറ. അതിന്റെ എല്ലാ അർഥതലങ്ങളും ആശയ തലങ്ങളും അവിടെ വെച്ച് അനുഭവിക്കാൻ സാധിക്കണം. "അവർ നിങ്ങളുടെ വസ്ത്രമാണ്; നിങ്ങൾ അവരുടെ വസ്ത്രവും." (വി.ക്വു)

ഒരു വസ്ത്രം മനുഷ്യനു നല്കുന്ന എല്ലാ ധർമവും ഒന്നൊഴിയാതെ പരസ്പരം അണിയിക്കപ്പെടേണ്ട അവസരമാണ് വൈവാഹിക ജീവി തം. ഒരവസരത്തിലും അത് അഴിച്ചുമാറ്റപ്പെടാവതല്ല.

മനുഷ്യേതര മൃഗീയ ബന്ധനങ്ങളൊന്നും ഇസ്ലാം അനുവദിക്കു ന്നില്ല. എന്നാൽ ഉത്തമമായ ഏത് രീതിയും അവർക്ക് സ്വീകരിക്കാവു ന്നതാണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെ പത്നിമാർ നിങ്ങളുടെ കൃഷിഭൂമിയാണ്. അതുകൊണ്ട് നിങ്ങളുടെ കൃഷിഭൂമിയിൽ നിങ്ങളിഷ്ട പ്പെടുന്ന വിധം ചെന്നുകൊള്ളുക. നിങ്ങളുടെ ഭാവിക്കു വേണ്ട ഒരുക്ക ങ്ങൾ നിങ്ങൾ മുൻകൂട്ടി ചെയ്തുവെക്കുക. അല്ലാഹുവിനോട് സൂക്ഷ്മ തയോടെ അനുവർത്തിക്കുക. ഗ്രഹിച്ചുകൊള്ളുക; നിങ്ങൾ അല്ലാഹു വിനെ അഭിമുഖീകരിക്കേണ്ടവരാണ്. സത്യവിശ്വാസികളോട് ശുഭ വാർത്ത ഉദ്ഘോഷിക്കുക." (വി.ക്വു.)

## ഉല്പാദനം അറിഞ്ഞുകൊണ്ടാവട്ടെ

അറിഞ്ഞുകൊണ്ടുള്ള ഉല്പാദന പ്രക്രിയയാണ് അഭികാമ്യം. അറിയാതെ സംഭവിച്ചുപോകുന്ന അനവസരലബ്ധി അപകടമല്ലെങ്കിലും അതിന്നിടവരാതെ സൂക്ഷിക്കാവുന്നതാണ്. മതം അതിനൊന്നും എതിരല്ല. അതോടൊപ്പം ഉല്പന്നസംരക്ഷത്തിന്നായുള്ള മുന്നൊരുക്കങ്ങളുമുണ്ടാകാം. കർമഫലം കൈപ്പറ്റുമ്പോൾ അതൊരു ഭാരമോ ബാധ്യതയോ ആയി മാറാവതല്ല. സന്തോഷപൂർവം അനുഭവിക്കേണ്ട ഒന്നാണത്. ദൈവത്തിന്റെ ദാനമാണത്. എന്നാൽ ദൈവകോപം വരുത്തുന്ന യാതൊരു സമീപനവും വെച്ചുപുലർത്താവതല്ല. ഏറെ സൂക്ഷ്മത കൈക്കൊള്ളേണ്ടതാണെവിടെയും. കാരണം അല്ലാഹു നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. അവനെ അഭിമുഖീകരിക്കേണ്ടവരാണു നാം. അവനിൽ സമർപ്പണം, അവനാണു രക്ഷ, അവനാണു ശാന്തി, അവന്നാണ് സർവസ്തുതിയും.

# ഭാര്യയും ഭർത്താവും

വിവാഹിതരായിത്തീർന്ന സ്ത്രീ-പുരുഷന്മാർ പരസ്പരം വിശ്വസ്തത പാലിക്കേണ്ടവരും സ്നേഹത്തോടെ ജീവിക്കേണ്ടവരും കാരുണ്യത്തോടെ ഇടപഴകേണ്ടവരും ഉത്തരവാദിത്തത്തോടെ കാര്യങ്ങൾ ഏറ്റെടുത്ത് നിർവഹിക്കേണ്ടവരുമാണ്.

വൈവാഹിക ഉടമ്പടിപ്രകാരം ഇരുകക്ഷികളും ലൈംഗികബന്ധത്തിനുള്ള പൂർണ അവകാശം പരസ്പരം വിട്ടുകൊടുക്കുകയാണ്. യാതൊരു വിധത്തിലും ഈ അവകാശം നിഷേധിക്കുകയോ അന്യാധീനപ്പെടുകയോ ചെയ്യരുത്. അതുവഴി ഭാര്യയുടെ ശരീരത്തിൽ ഭർത്താവിനും ഭർത്താവിന്റെ ശരീരത്തിൽ ഭാര്യക്കും അവകാശം ലഭിക്കുകയാണ്. ഇതിനു വിപരീതമായ യാതൊന്നും അവരിൽ വന്നുചേരാവതല്ല. ഭർത്താവെന്ന നിലയിൽ സ്വാഭാവികമായ അധിക ഉത്തരവാദിത്തം കൃത്യതയോടെ നിറവേറ്റപ്പെടേണ്ടതുണ്ട്. ഇസ്‌ലാമിക തത്വപ്രകാരം സാമ്പത്തികമായ എല്ലാ സംരക്ഷണവും അയാളിൽ നിക്ഷിപ്തമാണ്.

## ഭാര്യയോട് ശ്രദ്ധയോടെ

ഭാര്യയെ ആദരിക്കുകയും അംഗീകരിക്കുകയും വേണം. അവളുടെ മാന്യതക്കും ആത്മാഭിമാനത്തിനും ക്ഷതമേല്ക്കുന്ന യാതൊന്നും പ്രവർത്തിക്കാതവതല്ല. പരിപൂർണ സംരക്ഷണം അവൾക്ക് ഉറപ്പുവരുത്തണം. ഏറ്റവും നല്ല രീതിയിൽ അവളോടു പെരുമാറണം. അല്ലാഹു പറയുന്നു: ‘‘നിങ്ങൾ അവരോടു നല്ല നിലയിൽ വർത്തിക്കുക.

നിങ്ങൾക്കവരോട് വെറുപ്പു തോന്നുന്ന പക്ഷം ആ വെറുപ്പുള്ള കാര്യത്തിൽ അല്ലാഹു ധാരാളം നന്മകൾ നിക്ഷേപിച്ചെന്നുവരാം."(വി.ഖു. 4:19)

സ്ത്രീസഹജമായ പോരായ്മകൾ തിരിച്ചറിയാനും അവ നന്മകളായി രൂപാന്തരപ്പെടുത്താനും സാധിക്കണം. പ്രവാചകൻ പറയുന്നു: "മാന്യനല്ലാതെ സ്ത്രീയോട് മാന്യമായി പെരുമാറുകയില്ല. നീചനല്ലാതെ സ്ത്രീയോട് നിന്ദ്യമായി പെരുമാറുകയില്ല."

അവരോടുള്ള മാന്യമായ പെരുമാറ്റം നമ്മുടെ മാന്യതയുടെ നിദർശനമാണ്. നീചമായ ഇടപെടലുകൾ നിന്ദ്യതയുടെ നിദർശനവും. നിങ്ങളിൽ ഉത്തമർ സ്ത്രീകളോട് നന്നായി പെരുമാറുന്നവരാണ് എന്ന പ്രവാചകവചനവും ഓർക്കേണ്ടതുണ്ട്. തിരുനബി(സ്വ) മകളായ ഫാത്വിമ(റ)യെ അലി(റ)ക്ക് വിവാഹം ചെയ്തുകൊടുത്ത അവസരത്തിൽ ഉപദേശിച്ചതിപ്രകാരമാണ്: "അവളോടുള്ള നിന്റെ പെരുമാറ്റം മാന്യമായിരിക്കണം."ഒരിക്കൽ ഒരനുചരൻ പ്രവാചകനോടിപ്രകാരം ചോദിച്ചു: "ഭാര്യമാരോടുള്ള നമ്മുടെ ബാധ്യതകളെന്തെല്ലാമാണ്? പ്രവാചകൻ പറഞ്ഞു: നീ ആഹരിച്ചാൽ അവളെ ആഹരിക്കുക. നീ വസ്ത്രം ധരിച്ചാൽ അവളെ വസ്ത്രം ധരിപ്പിക്കുക. മുഖത്തടിക്കരുത്. അസഭ്യം പറയരുത്. വീട്ടിൽവെച്ചല്ലാതെ അവളോട് പിണങ്ങരുത്." ഈ കല്പനകൾ പാലിക്കപ്പെട്ടാൽ മാത്രം അനുഭവപ്പെടുന്ന യാഥാർഥ്യമാണ് വിവാഹജീവിതത്തിലെ സർവസുഖങ്ങളും. എത്രയെത്ര ഭർത്താക്കന്മാരുണ്ട്, പുറത്തുനിന്ന് സുഭിക്ഷമായി ആഹരിക്കുകയും അകത്തുവന്ന് ഭാര്യയെ അവഹേളിക്കുകയും ചെയ്യുന്നവർ? അന്യരുടെ മുന്നിൽ വെച്ച് ആക്ഷേപിക്കുന്നവർ, തടവറ കണക്കെ ശിക്ഷിക്കുന്നവർ, ജീവിതത്തിന്റെ എല്ലാ തകർച്ചയ്ക്കും കാരണം ഭാര്യയെന്നു വിശ്വസിക്കുന്നവർ, വിശ്വസിപ്പിക്കുന്നവർ അങ്ങനെ എന്തെന്തെല്ലാം?

പ്രവാചകൻ പറയുന്നു: 'നിങ്ങൾ സ്ത്രീകളെ ഗുണദോഷിക്കുക. വക്രതയുള്ള വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടവളാണവൾ. എല്ലുകളിൽ ഏറ്റവും വളവുള്ളതോ മുകളിലുള്ളതും. അത് നിവർത്താനായി നീ തുനിഞ്ഞാൽ അത് പൊട്ടിപ്പോകും. അതിനെ അങ്ങനെത്തന്നെ വിട്ടാൽ ആ വക്രതയിൽ തന്നെ നിലനില്ക്കും.' സ്ത്രീയുടെ പ്രകൃതത്തിന്റെ പ്രതീകാത്മകത വിശദീകരണമാണിത്. ഇതറിഞ്ഞു പെരുമാറാൻ സാധിക്കണം.

പളുങ്കു പാത്രം എത്ര മനോഹരമാണ്? സൂക്ഷിച്ചുപയോഗിച്ചാൽ എക്കാലവും പോറലേല്ക്കാതെ, മങ്ങാതെ, മായാതെ, തിളക്കത്തോടെ നിലനില്ക്കും. സ്ത്രീയും അതുപോലെയാണ്. അതു വീണുടയാതെ നോക്കണം. പരുക്കൻ പെരുമാറ്റങ്ങൾ അതിനെ തകർത്തുകളയും. എത്ര ലോലമാണത്!

അവൾക്കു നല്കിയതും അവകാശപ്പെട്ടതുമായ യാതൊരു സ്വത്തിലും അനർഹമായ അധികാരം അവകാശപ്പെടാവതല്ല. അതെടുത്ത് ഉപയോഗിക്കാവതല്ല. തികച്ചും അതിന്റെ സ്വതന്ത്ര ഉപയോഗത്തി

ന്നവർ അർഹരായവരാണ്. സ്ത്രീയുടെ ധനം ന്യായമല്ലാതെ സ്വീകരിച്ചവൻ കള്ളനാണ്. നമുക്കൊരു കള്ളനാകാനൊക്കുമോ? കാമവും മോഹവും വികാരവുമുള്ളവരാണ് സ്ത്രീകൾ. അതറിഞ്ഞു പെരുമാറാനും അവരെ തൃപ്തിപ്പെടുവോളം ആസ്വദിപ്പിക്കാനും അവസരോചിതം അതനുഭവിക്കാനും അനുഭവിപ്പിക്കാനും അവസരമൊരുക്കണം. വൃത്തിയും ഭംഗിയും മനോഹാരിതയും ആരും ഇഷ്ടപ്പെടും. ഇതെല്ലാം ആസ്വദിക്കാൻ കഴിയണം. കുടുംബവും ബന്ധുക്കളും സഹപാഠികളും സഹപ്രവർത്തകരുമുള്ളവരാണവർ. അവരെ അവർക്കു തുല്യം ആദരിക്കുകയും അംഗീകരിക്കുകയും വേണം.

എത്രതന്നെ തീർത്താലും തീരാത്ത ജോലിയും കണക്കിൽ പെടാത്ത ഉത്തരവാദിത്തവുമുള്ളവരാണവർ. നേരത്തെ കിടക്കവിട്ട് ഉണരേണ്ടവരും. വൈകിമാത്രം അതിൽ അണയേണ്ടവരുമല്ല അവർ. അവരെ സഹായിക്കുന്നതിൽ അഭിമാനിക്കണം. ദുരഭിമാനം ദുർവൃത്തിയാണ്. ആശയമവിനിമയം ഏറെ നടക്കേണ്ട ഇടമാണ് ഗൃഹാന്തരീക്ഷം. മൗനം വീടിനു യോജിച്ചതല്ല. അഭിപ്രായസമന്വയം എവിടെയും ആശ്വാസമേ നല്കൂ. അർഹതയും അംഗീകാരവും പ്രശംസയും ആരാണിഷ്ടപ്പെടാത്തത്? മനസ്സുതുറന്ന് പ്രശംസിക്കാൻ ശീലിക്കണം. നന്നായെങ്കിൽ നന്നായെന്നു പറയണം. പോരായ്മകൾ എന്നിട്ടാവാം. അപ്പോൾ അതിനും ഒരു രസമുണ്ട്. കുറ്റവും കുറവുമില്ലാത്തവരാണോ നാം?

വിനോദങ്ങളും കളിതമാശകളും അനിവാര്യമാണ്. കളിക്കാനും കളിപ്പിക്കാനും സാധിക്കണം. ചിരിക്കാനും ചിരിപ്പിക്കാനും അറിയണം. കരയാനും കരയിക്കാനുമുള്ളതല്ല ജീവിതം. ആരുടെ സ്വാതന്ത്ര്യത്തിന്മേലും അനർഹമായി കൈവെക്കാവതല്ല. അർഹിക്കുന്ന എല്ലാ മേഖലകളിലും അവർക്കു സ്വാതന്ത്ര്യം നല്കണം.

മതജീവിതം, അതാണ് ജീവിതം. അജ്ഞത അതിനെ തളർത്തുകയും തകർക്കുകയും ചെയ്യും; അതുണ്ടായിക്കൂടാ. മതവിജ്ഞാന സമ്പാദനത്തിനും ആത്മാംശ വളർച്ചയ്ക്കും അവസരമൊരുക്കിക്കൊടുക്കണം. ആരാധനാസ്വാതന്ത്ര്യം നിഷേധിക്കാവതല്ല. ആഘോഷവേളകളിൽ അടച്ചിടാൻ പാടില്ല. ആത്മനൊമ്പരം കേട്ട് ഉണരാൻ ഇടവരരുത്. എത്രതന്നെ സൂക്ഷിച്ചാലും ചിലതൊക്കെ വന്നുപെടും. ക്ഷമയും വിട്ടുവീഴ്ചയും സഹനവും സഹാനുഭൂതിയും സഹായിയായി ഒപ്പമുണ്ടാകണം. അല്ലാഹു പറയുന്നു: "അനുസരണക്കേടു കാണിക്കുന്ന വല്ല സ്ത്രീകളെക്കുറിച്ചും നിങ്ങൾക്കു ശങ്ക തോന്നിയാൽ അവരെ ഉപദേശിക്കുക. കിടപ്പറകളിൽ അവരെ ബഹിഷ്കരിക്കുക. അവരെ വേദനിപ്പിക്കുക. എന്നിട്ടവർ നിങ്ങൾക്കു കീഴ്പ്പെട്ടു കഴിഞ്ഞാൽ അവർക്കെതിരെ നടപടിയെടുക്കാൻ മാർഗമന്വേഷിക്കരുത്. അല്ലാഹു ഉന്നതനാണ്. മഹാനാണ്." (അന്നിസാഅ്:34)

മനസ്സിന്റെ വിശാലത ഏറെ വിസ്തൃതമാകേണ്ട സന്ദർഭങ്ങളാണിതെല്ലാം. ഏതെങ്കിലുമൊരു സ്വഭാവം വെറുപ്പുള്ളതോ വിഷമമുള്ളതോ

ആയാൽത്തന്നെ അനവധി സ്വഭാവങ്ങൾ അനുകരണീയമായതും ആശ്വാസജനകമായതും അവരിലുണ്ടാകും. അവയിൽ തൃപ്തിയടയാൻ സാധിക്കണം. ഒരവസരത്തിലെ ക്രമക്കേടുകൾ മറ്റൊരവസരത്തോട് ചേർത്തു വായിക്കാവതല്ല. ഇത്ര അപകടകരമായ പ്രവണത വേറെയില്ല. പനി പിടിച്ചപ്പോഴുള്ള വായ്ച്ചുവ അതില്ലാത്തപ്പോൾ വരാവതല്ല. പക്ഷേ, പനിക്കാതെ തന്നെ വായ്ച്ചുവ അനുഭവിക്കുന്ന എത്രപേർ നമുക്ക് ചുറ്റുമുണ്ട്!

രോഗകാരണം സൂക്ഷ്മമായി കണ്ടെത്തി ചികിത്സ തേടുന്ന ആധുനികരീതി കലഹരോഗം ബാധിച്ച ദമ്പതിമാർക്കും അനുകരണീയമാണ്. കലഹകാരണം കണ്ടെത്താതെയുള്ള ഒരു ചികിത്സും ഫലപ്രദമല്ല; ഗുണപ്രദവുമല്ല. ഇതും ഒരു ലൈംഗികരോഗം തന്നെ. രോഗം വന്നു ചികിത്സ തേടുന്നതിനെക്കാൾ നല്ലത് രോഗംവരാതെ സൂക്ഷിക്കലാണ് എന്ന ആശയം ഇവിടെയും എവിടെയും പ്രയോഗിക്കാവുന്നതാണ്.

സ്മൃതിയും വിസ്മൃതിയും ഒരുപോലെ ഫലം ചെയ്യുന്ന സ്ഥലം ദമ്പതിമാർക്കിടയിലാണ് എന്ന് പറയപ്പെടുന്നു. എല്ലാം ഓർക്കാൻ ശ്രമിക്കുന്നതോടൊപ്പം ഏറെ മറക്കാനും പൊറുക്കാനും മനസ്സിനെ പരിശീലിപ്പിക്കണം. ഈ പ്രക്രിയ മനസ്സിനെ ശുദ്ധീകരിക്കും. പ്രണയജീവിതം അശുദ്ധി നിറഞ്ഞതാകാൻ പാടില്ല.

## ഭർത്താവിനോടുള്ള ബാധ്യതകൾ

ബന്ധങ്ങൾക്ക് ആഴം നല്കുന്നത് സ്നേഹമാണ്. അതിന്റെ പ്രകടനം അതിന്റെ കെട്ടുറപ്പാണ്. ബാധ്യതകൾ അതിനെ ബലപ്പെടുത്തുന്നു. ഒരിക്കൽ പ്രവാചകപത്നി ആഇശ(റ) പ്രവാചകരോട് ഇപ്രകാരം ചോദിച്ചു: 'മനുഷ്യരിൽ ഒരു സ്ത്രീക്ക് ഏറ്റവും വലിയ ബാധ്യതയുള്ളത് ആരോടാണ്? പ്രവാചകൻ പറഞ്ഞു: അവളുടെ ഭർത്താവിനോട്. ഒരു പുരുഷന് ആരോടാണ് ഏറ്റവും വലിയ ബാധ്യത? പ്രവാചകൻ പറഞ്ഞു: തന്റെ മാതാവിനോട്.' (ഹാകിം)

എത്ര സത്യസന്ധമായ പ്രതികരണമാണിത്? സ്ത്രീയുടെ ഏറ്റവും പ്രകടമായ സൗന്ദര്യം ഈ ബാധ്യതാനിർവഹണമാണ്. പ്രവാചകൻ പറയുന്നു: "ഞാൻ ഒരാളോട് മറ്റൊരാളുടെ മുമ്പിൽ സുജൂദ് ചെയ്യാൻ കല്പിക്കുമായിരുന്നെങ്കിൽ സ്ത്രീയോട് സ്വന്തം ഭർത്താവിനു മുന്നിൽ സുജൂദ് ചെയ്യാൻ കല്പിക്കുമായിരുന്നു. അവൾക്ക് അയാളോടുള്ള അളവറ്റ ബാധ്യത കാരണം."(അബൂദാവൂദ്)

അല്ലാഹു പറയുന്നു: "പുരുഷന്മാർ സ്ത്രീകളുടെ മേൽനോട്ടക്കാരനാകുന്നു. കാരണം അവരിൽ ചിലർക്കു ചിലരേക്കാൾ ചില യോഗ്യതകൾ അല്ലാഹു നല്കിയിട്ടുണ്ട്. പുരുഷന്മാർ തങ്ങളുടെ ധനത്തിൽ നിന്ന് ചെലവുചെയ്യുന്നുമുണ്ട്. എന്നാൽ ഉത്തമസ്ത്രീകൾ അനുസരണശീലമുള്ളവരും ഭർത്താവിന്റെ അഭാവത്തിൽ അല്ലാഹു സംരക്ഷിക്കാൻ കല്പിച്ചിട്ടുള്ളതെല്ലാം സംരക്ഷിക്കുന്നവരുമാണ്." (അന്നിസാഅ്:34)

ഒരിക്കൽ പ്രവാചകസന്നിധിയിൽ ഒരു സ്ത്രീ വന്നുകൊണ്ട് പറഞ്ഞു: പ്രവാചകരേ, ഞാൻ സ്ത്രീകളുടെ നിവേദനവുമായി വന്നതാണ്. ജിഹാദ് അല്ലാഹു പുരുഷന്മാർക്കാണ് നിശ്ചയിച്ചിരിക്കുന്നത്. അവർക്കതിനു പ്രതിഫലം ലഭിക്കുന്നു. അവർ മരണപ്പെട്ടാൽ റബ്ബിനരികിൽ ആഹാരം ലഭ്യമാണ്. ഞങ്ങൾ സ്ത്രീകളാണെങ്കിൽ അവർക്കതിന്നായി സൗകര്യം ചെയ്തുകൊടുക്കുന്നു. ഞങ്ങൾക്കും അതിൽ വല്ലതും ലഭിക്കുമോ? പ്രവാചകൻ പറഞ്ഞു: നീ കണ്ടുമുട്ടുന്ന എല്ലാ സ്ത്രീകളോടും പറയണം; ഭർത്താവിനോടുള്ള അനുസരണവും അയാളോടുള്ള ബാധ്യതാനിർവഹണവും ജിഹാദിനു തുല്യം പ്രതിഫലാർഹമാണെന്ന്. പക്ഷേ, നിങ്ങളിൽ അധികപേരും അങ്ങനെയല്ല.''

മതപരമായ നടപടിക്രമങ്ങളോടും ആരാധനാമുറകളോടും ഒപ്പമാണ് പ്രവാചകൻ ഈ വസ്തുത ചേർത്തെണ്ണിയത്. ഒരു സ്ത്രീ അഞ്ചു നേരം നമസ്കരിക്കുകയും ഒരു മാസം നോമ്പനുഷ്ഠിക്കുകയും അവളുടെ ജനനേന്ദ്രിയത്തെ കാത്തുസൂക്ഷിക്കുകയും ചെയ്താൽ അവളോട് പറയപ്പെടും: ''സ്വർഗകവാടങ്ങളിൽ നിനക്കിഷ്ടമുള്ളതിലൂടെ നീ പ്രവേശിച്ചുകൊള്ളുക.'' (അഹ്മദ്)

ഒരു സ്ത്രീയുടെ വിജയവും പരാജയവും ഭർത്താവിനോടൊത്തുള്ള അവളുടെ ജീവിതരീതിയെ ആശ്രയിച്ചാണിരിക്കുന്നത്. പ്രവാചകൻ പറയുന്നു: ''ഏതെങ്കിലുമൊരു സ്ത്രീ മരണപ്പെട്ടു; ഭർത്താവ് അവളെക്കുറിച്ച് സംതൃപ്തനാണെങ്കിൽ അവൾ സ്വർഗത്തിൽ പ്രവേശിച്ചു.''

ഭർത്താവിനോടുള്ള അനുസരണമില്ലായ്മയും അവൻ ചെയ്യുന്ന ഉപകാരങ്ങൾക്ക് നന്ദി കാണിക്കാതിരിക്കലും നരകപ്രവേശത്തിന്റെ അധികരിച്ച ഹേതുക്കളാണ്. നരകവാസികളായ സ്ത്രീകളിലധികം പേരും അതിന്നവകാശികളായത് ഈ സ്വഭാവദൂഷ്യങ്ങളാലാണ്. ഇത് കൺകണ്ട കാഴ്ചയായി പ്രവാചകൻ അവതരിപ്പിച്ചിട്ടുണ്ട്.

സ്ത്രീയുടെ സേവന തല്പരതയാണ് അവൾക്കുണ്ടാകേണ്ട മറ്റൊരു സുപ്രധാന സ്വഭാവം. തന്റെ ഭർത്താവ് ആരാണെന്നും പ്രകൃതമെന്തെന്നും അഭിരുചികളെന്തെന്നും തിരിച്ചറിയാൻ സാധിച്ചാൽ ഈ രംഗം ഏറെക്കുറെ വിജയിച്ചു. ഓരോ അവസരത്തിനും അഭിരുചിക്കും ഇണങ്ങും വിധം ജീവിതം ക്രമീകരിക്കാൻ സാധിക്കണം. വരുമാനവും ചെലവും ക്രമീകരിക്കാനുമാവണം. ഒരളവുവരെ ഇതെല്ലാം കൈവകാര്യം ചെയ്യാനറിയണം. സാഹായിക്കാനെങ്കിലും സാധിക്കണം.

വിശ്വസ്തതയാണ് കൈവിടാതെ സൂക്ഷിക്കേണ്ട മറ്റൊരു സ്വഭാവം. തന്റെ വിശ്വസ്തത ചോദ്യം ചെയ്യാൻ ഇടവരുത്താത്ത വിധം അതിന്റെ എല്ലാ അരികും കാത്തുസൂക്ഷിക്കണം. ഭർത്താവിന്റെ ഭാവത്തിലും അഭാവത്തിലും അത് സംരക്ഷിക്കണം. തന്റെ ശരീരവും സൗന്ദര്യവും ഈ വിഷയത്തിൽ സംരക്ഷിക്കണം. മാന്യമായ വേഷവും ആകർഷകമായ പെരുമാറ്റവും അതിനു മാറ്റുകൂട്ടും. ഭർത്താവിനു വേണ്ടി അണിഞ്ഞൊരുങ്ങാനും അണിയിച്ചൊരുക്കാനും അറിയുന്ന പെണ്ണ് ആരാ

യാലും ആദരിക്കപ്പെടും. ഭർത്താവിന്റെ എല്ലാ ആഗ്രഹങ്ങളും ആവശ്യങ്ങളും സംതൃപ്തിപൂർവം നിറവേറ്റാൻ ഭാര്യയ്ക്ക് സാധിക്കണം. ആരാധനകൾ പോലും ചിലയവസരങ്ങളിൽ ഭർത്താവിന്റെ അനുമതിയോടുകൂടിയേ പാടുള്ളുവെങ്കിൽ എന്തുമാത്രം പദവിയാണ് ഭർത്താവിന് അനുവദിച്ചു നല്കിയിരിക്കുന്നത്? അവൾ എന്തുമാത്രം ഭർത്താവിനു ബാധ്യതപ്പെട്ടിരിക്കുന്നു! പ്രവാചകൻ പറയുന്നു: ''ഒരാൾ തന്റെ ഭാര്യയെ തന്റെ വിരിപ്പിലേക്കു വിളിച്ചു, അവൾ വരാൻ വിസമ്മതിച്ചു. കോപിഷ്ഠനായി അയാൾ രാത്രി കഴിച്ചുകൂട്ടി. എന്നാൽ നേരം പുലരുവോളം മലക്കുകൾ അവളെ ശപിച്ചുകൊണ്ടിരിക്കും.'' ഒട്ടകപ്പുറത്താണെങ്കിൽ പോലും ഭർത്താവിന്റെ ആഗ്രങ്ങൾക്ക് അവൾ അനുസരണയോടെ സമ്മതമരുളണമെന്നാണ് പ്രവാചക നിർദേശം.

ഭർത്താവിന്റെ അനുമതിയില്ലാതെ വീടുവിട്ടിറങ്ങിയാൽ തിരിച്ചെത്തുംവരെ മലക്കുകൾ ശപിച്ചുകൊണ്ടിരിക്കും. വിശ്വാസിയും ഭക്തനുമായ ഭർത്താവിന്റെ താല്പര്യങ്ങൾ ഹനിക്കപ്പെട്ടാൽ ദൈവകോപം സുനിശ്ചിതമാണ്. ദൗർഭാഗ്യകരമായ ജീവിതമാകും പിന്നീടുണ്ടാവുക. എല്ലാ നാശങ്ങളും ഒന്നിനുമേൽ ഒന്നായി വന്നുചേരും. കുടുംബഭദ്രതയും ആർദ്രതയും ആടിയുലയും. പ്രവാചകൻ പറയുന്നു: ''ഒരു സ്ത്രീയും ഏതൊരു ഭർത്താവിനെയും ഉപദ്രവിക്കുന്നില്ല; സ്വർഗത്തിലെ ഹൂറികളിൽപെട്ട അവന്റെ ഭാര്യ ഇപ്രകാരം പറഞ്ഞല്ലാതെ: അല്ലാഹു നിന്നെ ശപിക്കട്ടെ, നീ അദ്ദേഹത്തെ ഉപദ്രവിക്കരുത്. നിന്റെ അടുക്കലുള്ള ഒരു താല്ക്കാലിക സൂക്ഷിപ്പുസ്വത്ത് മാത്രമാകുന്നു അദ്ദേഹം. നിന്നെ വേർപിരിഞ്ഞ് അദ്ദേഹം ഉടനെ യാത്രയാകും.''(തിർമിദി)

ഭർത്താവിന്റെ വീട് അവളുടെ വീടാണ്. ആ വീടിനെ സൗഭാഗ്യകരമാക്കേണ്ടത് അവളുടെ കടമയാണ്. ഭർത്താവിന്റെ വ്യക്തിത്വത്തെയും പുരുഷത്വത്തെയും മാനിക്കുന്നവളും നേട്ടങ്ങളിൽ ആനന്ദിക്കുന്നവളുമാകണം. ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടാകുന്ന കലഹത്തിന്റെ വിത്ത് വീഴുന്നത് അവരുടെ കിടപ്പറയിലാണെന്ന സത്യം മറക്കാവതല്ല. എല്ലാ വശീകരണവിദ്യയും അവൾ നേടിയിരിക്കണം. സ്നേഹം ഉള്ളിൽ സൂക്ഷിക്കാനുള്ളതല്ല. അവസരോചിതം അതെടുത്ത് സ്നേഹമായും പ്രേമമായും അനുരാഗമായും പ്രയോഗിക്കാൻ പരിശീലിക്കണം. നാക്കിലും നോക്കിലും അത് പ്രകടമാകണം.

പ്രവാചകൻ പറയുന്നു: ''നാലു കാര്യങ്ങൾ ജീവിതസൗഭാഗ്യങ്ങളിൽ പെടുന്നതാണ്. സദ്വൃത്തരായ ഭാര്യ, പ്രവിശാലമായ ഭവനം. നന്മനിറഞ്ഞ അയൽക്കാർ, സൗകര്യപ്രദമായ വാഹനം. നാലുകാര്യങ്ങൾ ദൗർഭാഗ്യ ചിഹ്നങ്ങളാണ്. ദു:സ്സ്വഭാവിയായ ഭാര്യ, ചീത്ത അയൽക്കാർ, മോശമായ വാഹനം, ഇടുങ്ങിയ ഭവനം.'' (ഇബ്നു ഹിബ്ബാൻ)

വിവാഹജീവിതം പടുത്തുയർത്തേണ്ടത് താല്പര്യങ്ങളുടെ പളുങ്കുഗോപുരത്തിലല്ല. മറിച്ച് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കരിങ്കൽത്തൂണുകളിലാണ്.

# കുടുംബങ്ങളും ബന്ധുക്കളും

ജീവിതമെന്നത് ഭാര്യയ്ക്കും ഭർത്താവിനും മാത്രം ആസ്വദിച്ചനുഭവിക്കാനുള്ളതല്ല. അവർ ഭാര്യയും ഭർത്താവുമാകുന്നതിനു മുമ്പ് മറ്റു പലരുമായിരുന്നു. ആരുടെയോ മകനോ മകളോ സഹോദരനോ സഹോദരിയോ മാമനോ മാമിയോ പിതൃവ്യനോ പിതൃവ്യയോ അങ്ങനെ ആരൊക്കെയോ ആയിരുന്നു. അവർക്കു ചുറ്റും വലിയൊരു കുടുംബവൃക്ഷം തലപൊക്കി നില്ക്കുന്നുണ്ട്. അതിന്റെ കായും പൂവും തണ്ടും തളിരുമാണവർ. ആ വൃക്ഷം മുറിച്ചുമാറ്റാവതല്ല.

## സ്നേഹവും കാരുണ്യവും വീതിക്കുക

അവരിൽ നിക്ഷിപ്തമായ സ്നേഹവും കാരുണ്യവും മറ്റു പലർക്കും വീതിക്കേണ്ടതുണ്ട്. അവരാൽ കാത്തുസൂക്ഷിക്കപ്പെടേണ്ടതായ, സംരക്ഷണം ആവശ്യമായ, ഒരു നിലയ്ക്കും മുറിച്ചമാറ്റാൻ പാടില്ലാത്ത ബന്ധങ്ങളുമുണ്ട്. ഭർത്താവും കുടുംബവും ഭാര്യയും ബന്ധുക്കളും ഒരുപോലെ ഇതിൽ പെടുന്നു. ആശയാദർശങ്ങൾക്കോ ദേശ-ഭാഷാ-വർണങ്ങൾക്കോ ജാതി-മത തത്വങ്ങൾക്കോ അത് മുറിച്ചുമാറ്റാവതല്ല. സ്രഷ്ടാവിനാൽ ബന്ധിതമാണത്. പരമകാരുണികനുമായി നേർക്കുനേരെ ബന്ധിതമായ പദപ്രയോഗമാണ് അറബിഭാഷയിൽ കുടുംബബന്ധത്തിനുള്ളത്. പ്രവാചകൻ പറയുന്നു: റഹ്മാൻ എന്ന അല്ലാഹുവിന്റെ മഹോന്നത നാമത്തിൽ നിന്നെടുക്കപ്പെട്ടതാണ് റഹ്മ് (രക്തബന്ധം) എന്ന പദം. അതിനാൽ അല്ലാഹു പറഞ്ഞിരിക്കുന്നു:

''രക്തബന്ധം ചേർത്തവനെ ഞാൻ ചേർത്തു. അതിനെ വിഛേദിച്ച വനെ ഞാനും വിഛേദിച്ചു'' (ബുഖാരി). കോർത്തിണക്കപ്പെട്ട രക്തധ മനികളെപ്പോലെ ബന്ധിതമാണ് ഇരു വാക്കുകളും.

രക്തബന്ധം കൂട്ടിയിണക്കൽ കുടുംബസ്നേഹം വർധിപ്പിക്കും. സമ്പൽസമൃദ്ധിയുളവാക്കും. ആയുസ്സിൽ വർധനവുണ്ടാക്കും. പരമകാ രുണികന്റെ കാരുണ്യവർഷം അതുവഴി വന്നുചേരും. അവന്റെ കോപത്തെ അതുവഴി തടുക്കാനാകും. സ്വർഗപ്രവേശം നിഷേധിക്കപ്പെ ടാതിരിക്കും. സർവോപരി ജീവിതം അസ്വാസ്ഥ്യരഹിതമായിത്തീരും.

പുതുതായി ഒരു ബന്ധം ചാർത്തപ്പെടുന്നതോടുകൂടി അതു വരെയുള്ളതൊന്നും തകർക്കപ്പെട്ടുകൂടാ. സഹോദരന് സഹോദരി യെയും ജ്യേഷ്ഠന് അനുജനെയും മാതാപിതാക്കൾക്ക് മക്കളെയും നഷ്ടപ്പെട്ടുകൂടാ. അങ്ങനെ അതുവരെയുണ്ടായിരുന്ന ആർക്കും ആരെയും നഷ്ടപ്പെടാവതല്ല. മറിച്ച് പുതുതായി പലർക്കും പലരെയും ലഭിക്കുകയാണു വേണ്ടത്. സ്ത്രീയാണെങ്കിൽ, ഭർതൃമാതാവിനെയും പിതാവിനെയും സ്വന്തം മാതൃ-പിതൃ തുല്യം സ്നേഹിക്കണം. അവ രുടെ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും അഭിരുചികളറിയുകയും പ്രായത്തെ ആദരിക്കുകയും ആരോഗ്യസ്ഥിതി കണക്കിലെടുക്കുകയും സാമൂഹികക്രമം പാലിക്കുകയും വേണം. അമ്മായിയമ്മയെ സ്വന്തം അമ്മയായി കാണാൻ സാധിക്കാത്ത ഭാര്യയും തന്റെ മകനെ ചിരിച്ചുമ യക്കി പെൺകോന്തനാക്കിയ മൂധേവിയായ മരുമകളെ കാണുന്ന അമ്മാ യിയമ്മയും കുടുംബജീവിതത്തിന്റെ സ്വസ്ഥതയ്ക്ക് കത്തിവെ ക്കുന്നവരാണ്. ഒരു ഭാര്യയ്ക്ക് സ്വന്തം മാതാപിതാക്കളെക്കാൾ ബാധ്യത ഭർത്താവിനോടാണെന്ന ബോധം അമ്മായിയമ്മക്കും ഒരു ഭർത്താവിനു മറ്റാരേക്കാളും ബാധ്യത തന്റെ മാതാവിനോടാണെന്നുള്ള ബോധം ഒരു ഭാര്യയ്ക്കുമുണ്ടായാൽ ഏറെക്കുറെ ശാന്തി കുടുംബജീവിതത്തിൽ ദർശിക്കാനാവും. ഇത് പ്രവാചക തത്വമാണ്. ഇതിന്റെ തിരിച്ചറിവാണ് ഇന്ന് നഷ്ടപ്പെട്ടത്. ഭൂരിപക്ഷം അമ്മായിയമ്മമാരും ബഹുഭൂരിപക്ഷം ഭാര്യമാരും അഭ്യസ്തവിദ്യരായ ഇക്കാലത്തുപോലും അമ്മായിയമ്മ മരു മകൾ പ്രശ്നം നമ്മുടെ കുടുംബങ്ങളെ പിടികൂടിയിരിക്കുന്നു. സഹ നവും സഹിഷ്ണുതയും കൈക്കൊള്ളുകയല്ലാതെ ഇതിനു പോംവഴി കളില്ല.

ഭർത്താവായാൽ ഭാര്യാകുടുംബത്തെ ആദരിക്കുകയും അംഗീക രിക്കുകയും അതിലുള്ള സന്തോഷം ഭാര്യയ്ക്കു മുന്നിൽ പ്രകടമാക്കു കയും വേണം. അവളെയത് ബോധ്യപ്പെടുത്തണം. അവളുടെ മുന്നിൽ അവർ അവഹേളിക്കപ്പെടാവതല്ല. അവർക്കും തന്റെ വീട്ടിൽ സ്ഥാനവും പദവികളും നല്കി സന്തോഷിപ്പിക്കുകയും വിശേഷങ്ങളിൽ പങ്കുകൊ ള്ളിക്കുകയും സഹായിക്കുകയും സന്ദർശിക്കുകയും ആവശ്യങ്ങൾ കണ്ടറിയുകയും ചെയ്യണം. അത്യാവശ്യങ്ങൾ നിർവഹിക്കണം. അവ ളിലൂടെ അവരെയും അവരിലൂടെ അവളെയും സമാശ്വസിപ്പിക്കണം.

അവർക്കൊരു ഭാരമാകാവതല്ല. തികഞ്ഞ നിർഭയത്വം തന്റെ സ്വഭാവം കൊണ്ടും പെരുമാറ്റം കൊണ്ടും അവരെ ബോധ്യപ്പെടുത്തണം. അവരുമായി വഴക്കിലും കലഹത്തിലുമേർപ്പെടരുത്. മാതൃ-പിതൃ തുല്യം മാതാപിതാക്കളെയും, സഹോദര-സഹോദരീ തുല്യം മറ്റുള്ളവരെയും സ്നേഹിക്കണം. അർഹമല്ലാത്തതൊന്നും അവകാശമായി ആവശ്യപ്പെടരുത്. അവർക്കുള്ള അർഹമായ അവകാശങ്ങളൊന്നും അന്യായമായി നിഷേധിക്കുകയുമരുത്.

## ബന്ധുക്കളോടുള്ള പെരുമാറ്റം

ഭർത്താവും ഭാര്യയും അവരുടെ കുടുംബങ്ങളും മാത്രമല്ല ഈ ജീവിതത്തിൽ നമുക്കൊപ്പമുള്ളത്. മറിച്ച് അല്പം കൂടി വികസിച്ച മറ്റൊരു വൃത്തത്തിനുള്ളിലാണ് നാം ജീവിക്കുന്നത്. ബന്ധുമിത്രാദികളുടെ ഒരു വൻവ്യൂഹം നമുക്ക് ചുറ്റുമുണ്ട്; അടുത്ത ബന്ധുക്കളും അകന്ന ബന്ധുക്കളും അയൽപക്കവും സഹപാഠികളും സഹചാരികളും സഹവാസികളും സഹപ്രവർത്തകരുമായ ഒരു വലിയ മഹാബന്ധം. ഇവരോടൊക്കെയുള്ള നമ്മുടെ സമീപനങ്ങൾ, പെരുമാറ്റങ്ങൾ സ്നേഹത്തോടും സാഹോദര്യത്തോടും കൂടിയതായിരിക്കണം.

ഭർത്താവ് അതിയായി സ്നേഹിക്കുന്ന, ഭർത്താവിനെ ആത്മമിത്രമായി കാണുന്ന, ഭാര്യയെ സഹോദരീ തുല്യം സ്നേഹിക്കുന്ന മാതൃ തുല്യം ആദരിക്കുന്ന, ഭർത്താവിനെ പിതൃതുല്യം ബഹുമാനിക്കുകയും പണ്ഡിത തുല്യം സ്നേഹിക്കുകയും നേതൃതുല്യം അംഗീകരിക്കുകയും ചെയ്യുന്ന അങ്ങനെയങ്ങനെ പലരുമുണ്ടാകും. അതാതു വ്യക്തികളെ അവരുടെ വ്യക്തിത്വത്തിനനുസരിച്ച് ആദരിക്കുകയും അംഗീകരിക്കുകയും ലഭിക്കുന്ന അവസരങ്ങൾ അതിന്നായി നീക്കിവെക്കുകയും വേണം. വിശ്വാസ്യത ഏറെ കാത്തുസൂക്ഷിക്കപ്പെടേണ്ട രംഗമാണിതെല്ലാം. ആരും ആരാലും വഞ്ചിക്കപ്പെട്ടുകൂടാ. തകർന്നടിഞ്ഞ ബന്ധങ്ങൾക്കു കാരണം ചോർന്നുപോയ വിശ്വാസ്യതകളാണ്. പ്രവാചകൻ പറയുന്നു: “നിങ്ങളുടെ സ്ത്രീകൾക്ക് നിങ്ങളോട് ചില കടപ്പാടുകളുണ്ട്. അവർക്ക് നിങ്ങളോടുള്ള കടപ്പാടുകൾ, നിങ്ങൾക്കിഷ്ടമില്ലാത്തവർ നിങ്ങളുടെ വിരുപ്പിൽ ചവിട്ടരുത്. നിങ്ങൾക്കിഷ്ടമില്ലാത്തവർക്ക് നിങ്ങളുടെ വീട്ടിൽ അവർ പ്രവേശനാനുമതി നല്കരുത്.”

വളരെയേറെ സൂക്ഷിക്കേണ്ട വാക്കുകളാണിത്. ഇതിന്റെ വിസ്മൃതി എത്രയെത്ര ബന്ധങ്ങളെ തകർത്തിട്ടുണ്ട്. സ്ത്രീകൾക്ക് പുരുഷന്മാരോട് ബാധ്യതകളുള്ളതുപോലെതത്തന്നെ പുരുഷന്മാരിൽ നിന്നു ചില അവകാശങ്ങളും ലഭിക്കേണ്ടതുണ്ട് (വി.ഖു.). എല്ലാ അർഥത്തിലും ഇതിന്റെ പൂർത്തീകരണം ആവശ്യമാണ്.

## ഇടപെടലുകൾ മാന്യമാക്കുക

വിവാഹബന്ധം നിഷിദ്ധമാക്കുന്നവരോടുള്ള ഇടപെടലുകൾ മാന്യ

മായിരിക്കണം. സ്ത്രീ തന്റെ സൗന്ദര്യം ഒരു നിലയ്ക്കും അവരുടെ മുന്നിൽ പ്രദർശിപ്പിക്കാവതല്ല. പ്രായപൂർത്തിയെത്തിയവരാണെങ്കിൽ വീട്ടിൽ മറ്റാരുമില്ലെങ്കിൽ പ്രവേശനാനുമതി നല്കാവതല്ല; അതെത്ര അടുത്ത ബന്ധുമിത്രാദികളാണെങ്കിലും ശരി. സംശയം ജനിപ്പിക്കുന്ന ഒരു സമീപനവും ആശാസ്യമല്ല. സുരക്ഷിതത്വം നഷ്ടപ്പെട്ട ഒരു മേഖലയിലും ഒറ്റപ്പെടാവതല്ല.

ഈ കാലഘട്ടത്തിൽ തീരെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ചില കാര്യങ്ങളുണ്ട്. അത് പറയാതിരിക്കാൻ വയ്യ. ഭർത്താവിന്റെ സഹോദരനോടൊപ്പം, മറ്റു ബന്ധുക്കളോടൊപ്പം ബൈക്കിൽ യാത്ര ചെയ്യുന്ന, പാർക്കിൽ വിശ്രമിക്കുന്ന, സൽക്കാരങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുണ്ട്. ദീർഘദൂരയാത്രകൾ വരെ അവർക്കു പ്രശ്നമല്ല. ചില ഭർത്താക്കന്മാർ അതൊന്നും അത്ര ഗൗനിക്കാറില്ല. വിദേശത്തു ജോലിചെയ്യുന്ന, നാട്ടിലില്ലാത്ത ഭർത്താക്കന്മാർ വളരെയേറെ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുണ്ട്. ഖുർആൻ എണ്ണിപ്പറഞ്ഞ ആളുകൾക്കൊപ്പമല്ലാതെ സ്ത്രീ സാധാരണനിലയിൽ കഴിഞ്ഞുകൂടാവതല്ല. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളോടു പറയുക. അവർ തങ്ങളുടെ ദൃഷ്ടി താഴ്ത്തട്ടെ. അവരുടെ ജനനേന്ദ്രിയങ്ങൾ സൂക്ഷിക്കട്ടെ. അവരുടെ സൗന്ദര്യത്തിൽ വെളിപ്പെട്ടു കിടക്കുന്നതല്ലാതെ മറ്റൊന്നും അവർ വെളിപ്പെടുത്താതിരിക്കട്ടെ. തങ്ങളുടെ തട്ടംകൊണ്ട് അവരുടെ മാറ് മറയ്ക്കട്ടെ. ഭർത്താക്കന്മാർ, പിതാക്കന്മാർ, സഹോദരപുത്രന്മാർ, സഹോദരീ പുത്രന്മാർ, തങ്ങളുമായി കൂട്ടുകെട്ടിൽ ജീവിക്കുന്ന സ്ത്രീകൾ, തങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ ജീവിക്കുന്നവർ, ലൈംഗികാസക്തിയില്ലാത്ത പരിചാരകന്മാർ, സ്ത്രീകളുടെ ലൈംഗികത ഗ്രഹിച്ചിട്ടില്ലാത്ത കുട്ടികൾ ഇവരുടെ മുമ്പിലല്ലാതെ തങ്ങളുടെ സൗന്ദര്യം അവർ വെളിവാക്കാതിരിക്കട്ടെ." (അന്നൂർ: 31)

സ്ത്രീക്ക് മൂന്ന് അവസ്ഥകളാണുള്ളത്. ഒന്ന് നഗ്നമായ അവസ്ഥ. തന്റെ ഭർത്താവിനു മാത്രം അവകാശപ്പെട്ടതാണത്. മറ്റൊന്ന് വസ്ത്രമണിഞ്ഞ അവസ്ഥ. വിവാഹബന്ധം നിഷിദ്ധമായവരുടെ മുന്നിൽ അവർക്കതാവാം. മറ്റൊന്ന് പർദയണിഞ്ഞ അവസ്ഥ. നേരത്തെ പറഞ്ഞ ആളുകളല്ലാത്ത മറ്റുള്ള ആരുടെ മുന്നിലും ഈ നില മാത്രമേ സ്വീകരിക്കാവൂ. അപകടരഹിതമായ സംരക്ഷണമാണ് ഇതുകൊണ്ടനുഭവപ്പെടുന്നത്. അതിനെ തകർത്തെറിഞ്ഞാൽ പരിപാവനമായ ബന്ധങ്ങളാണ് തകർക്കപ്പെടുക.

ഇങ്ങനെയൊക്കെയാണെങ്കിലും മറ്റു സാമൂഹിക ഇടപെടലുകൾക്കൊന്നും ഇസ്ലാം എതിരല്ല. മതനിയമങ്ങൾക്കുള്ളിൽ നിന്നാൽ അനുവദിക്കപ്പെടുന്ന മേഖലകൾ വളരെ വിസ്തൃതമാണ്. കൂട്ടുകാരോടൊപ്പം ഭാര്യാസമേതം യാത്ര ചെയ്യുന്നതിനോ ഭക്ഷണം വിളമ്പുന്നതിനോ ആഹാരം കഴിക്കുന്നതിനോ ഒന്നും ഇസ്ലാമെതിരല്ല.

വീട്ടിൽത്തന്നെ ഭർതൃകുടുംബത്തോടൊപ്പം, മിത്രങ്ങളോടൊപ്പം മാന്യമായ വസ്ത്രധാരണം സ്വീകരിച്ച് ഒപ്പമിരുന്ന് ആഹാരം കഴിക്കാം; ഇടപഴകാം. ഒന്നിനും മതം എതിരല്ല. അപകടകരമായ എല്ലാ സാഹചര്യവും അന്യമാണെന്നർഥം. അതൊരിക്കലും അനുവദനീയമല്ല. കൂട്ടുകാരെ ക്ഷണിച്ചുവരുത്തി വീട്ടിലിരുത്തി അത്യാവശ്യത്തിനു പുറത്തുപോകുന്ന ഭർത്താക്കന്മാരും ഭർത്താവില്ലാത്ത നേരത്ത് മറ്റുള്ളവരെ വീട്ടിൽ ക്ഷണിച്ചിരുത്തി സത്കരിക്കുന്ന ഭാര്യയും വിവാഹവേദിയിലെ കരാറുകൾ കാറ്റിൽ പറത്തുന്ന ദമ്പതികളാണ്. അശ്രദ്ധ അപകടങ്ങളിലേക്കുള്ള ആദ്യപടിയാണ്.

ബന്ധുമിത്രാദികളെ ആദരിക്കുകയും അവരെ സഹായിക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ഭാര്യ, ഭർത്താവിനോ ഭർത്താവ്, ഭാര്യക്കോ ഇതിനു തടസ്സമാകാവതല്ല. ഇരുവരുടെ കുടുംബവും ഇതിന് ഒരുപോലെ അർഹതയുള്ളവരാണ്. പാവങ്ങളും പട്ടിണിക്കാരുമാണെങ്കിൽ ബാധ്യതകൾ ഏറെ വർധിച്ചതാണ്. ക്ഷേമകാലങ്ങളിൽ ബന്ധങ്ങളോർക്കുകയും ക്ഷാമകാലങ്ങളിൽ അത് വിസ്മരിക്കുകയും ചെയ്യാവതല്ല. ചെറുപ്പകാലങ്ങളിൽ നമ്മുടെ വളർച്ചയിൽ വളരെ പങ്കുവഹിച്ചവരുണ്ടാകും. അവരെ വേണ്ടവിധം ആദരിച്ച് അംഗീകരിക്കാൻ മടികാണിക്കരുത്. മാതൃ-പിതൃ സുഹൃത്തുക്കളുണ്ടാകും. മാതാവും പിതാവും അവരെ എത്രമാത്രം സ്നേഹിക്കുന്നുവോ അതിനു തുല്യം അവരെ സ്നേഹിക്കണം. മാതാപിതാക്കളോടുള്ള ബാധ്യത ഈ നിലയ്ക്കും നിർവഹിക്കേണ്ടതാണ്. കടമകൾ എത്രതന്നെ ശ്രദ്ധയോടെ ഏറ്റെടുത്തു നിർവഹിച്ചാലും പോരായ്മകളുണ്ടാകും. അവ നികത്തി അല്ലാഹുവിലർപ്പിച്ചു മുന്നോട്ടു പോകണം.

# കരളിന്റെ കഷ്ണങ്ങളായ മക്കൾ

വൈവാഹിക ജീവിതം വൈകാരിക സംതൃപ്തിക്കുവേണ്ടി മാത്ര മുള്ളതല്ല. തലമുറയ്ക്ക് ജന്മം നല്കുകയെന്ന സുപ്രധാന ധർമം അതു വഴി നിർവഹിക്കപ്പെടേണ്ടതുണ്ട്. ബന്ധങ്ങളെ മുന്നോട്ടു നയിക്കുന്ന പ്രധാന ഘടകമാണത്. വിവാഹജീവിതത്തെ കുറിച്ച് സൂചിപ്പിച്ച ക്വുർ ആൻ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. "അല്ലാഹു നിങ്ങൾക്കു നിശ്ച യിച്ചുവെച്ചതിനെ നിങ്ങൾ പ്രതീക്ഷിക്കണം." (വി.ക്വു)

ജീവിത സൗഭാഗ്യങ്ങളുടെ അളവുകോലാണ് നമ്മുടെ മക്കൾ. വിവാഹിതർക്കുള്ള ദൈവത്തിന്റെ സ്നേഹസമ്മാനമാണത്. നമുക്കി ഷ്ടപ്പെട്ടത് ലഭിക്കണം എന്ന് നമുക്കാഗ്രഹിക്കാം. പക്ഷേ, നമുക്കെന്ത് നല്കണമെന്നത് ദാതാവിന്റെ താല്പര്യമാണ്. ആണാവട്ടെ, പെണ്ണാവട്ടെ സന്തോഷപൂർവം അതിനെ സ്വീകരിക്കണം. അല്ലാഹു പറയുന്നു: "ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിന്നാണ്. താനിഛിക്കു ന്നത് അവൻ സൃഷ്ടിക്കുന്നു. താനിഛിക്കുന്നവർക്കു അവൻ പെൺമ ക്കളെ പ്രദാനം ചെയ്യുന്നു. അവനിഛിക്കുന്നവർക്കു ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അതല്ലെങ്കിൽ ആണും പെണ്ണുമായി ഇടകലർത്തി നല്കുന്നു. അവനിഛിക്കുന്നവരെ അവൻ വന്ധ്യരാക്കുന്നു. അവൻ അതിശക്തനായ അഗാധജ്ഞനാകുന്നു. (അശ്ശൂറാ: 49,50)

ഏതൊരു ദമ്പതിയും ഈ വചനത്തിന്റെ പൊരുളറിയണം. വൈവാ ഹിക ജീവിതവിജയത്തിന്റെ ആണിക്കല്ലാണിത്. ഏത് പ്രതികൂല സാഹ ചര്യത്തിലും ഈ തത്വം, സത്യമായ ഈ പ്രസ്താവന അവർക്കാന ന്ദവും ആശ്വാസവും നല്കും.

## മക്കൾക്കു തണലാവുക

നമ്മുടെ സന്തതികൾ ഭൂമിയിൽ സഞ്ചരിക്കുന്ന നമ്മുടെ കരളിന്റെ കഷ്ണങ്ങളാണ്. സ്നേഹത്തോടെ നിഷ്കളങ്കവാത്സല്യത്തോടെ അവരെ വളർത്തിയെടുക്കണം. മാതൃത്വത്തിന്റെ, പിതൃത്വത്തിന്റെ ബാധ്യതകൾ ചോർന്നൊലിക്കാത്തവിധം അവർക്കു തണലായിത്തീരണം. നമ്മുടെ പദവികളോ സ്ഥാനങ്ങളോ അവർക്കുള്ള സ്നേഹനിഷേധത്തിന്റെയോ കാരുണ്യനിഷേധത്തിന്റെയോ കാരണമാകാൻ പാടില്ല. ആരാധനാനിർവഹണം പോലും അവരോടുള്ള സ്നേഹവാത്സല്യത്തിനു മുന്നിൽ തടസ്സമാകരുതെന്നാണ് പ്രവാചക കല്പന. പ്രായമറിഞ്ഞ് പെരുമാറാനുള്ള പക്വതയാണ് ദമ്പതിമാർക്കുണ്ടാകേണ്ടത്. വളർച്ചയുടെ ഘട്ടത്തിൽ തളർച്ച നേരിടാനിടവരാത്ത വിധം സജീവ ശ്രദ്ധ ഊന്നിയുള്ള പെരുമാറ്റമാണാവശ്യം. നല്ലത് പറഞ്ഞും ചെയ്തും വിചാരിച്ചും അവർക്കു നല്ല മാതൃകയാകണം. ഒരു കുഞ്ഞിന്റെ സ്വരൂപം രൂപപ്പെടുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്കുപോലെ വലുതാണ് അവരുടെ സ്വഭാവരൂപീകരണത്തിലും.

അവർക്കു നല്ല വസ്ത്രവും നല്ല ഭക്ഷണവും നല്ല കളിപ്പാട്ടവും സമ്മാനിക്കുന്നതുപോലെ നല്ല നാമവും അവർക്കു നല്കണം. അർഥശൂന്യമായ, അശുദ്ധാർഥങ്ങളുള്ള നാമകരണം അതാർക്കായാലും അനുവദനീയമല്ല. അവരോടുള്ള ബാധ്യതകളിൽ പെട്ടതാണത്. നിർണിതകാലയളവ് തികച്ചും മാതാക്കൾ അവരെ മുലയൂട്ടണം. അതവരുടെ ജന്മാവകാശമാണ്. കഴിവുള്ളവർ അവർക്കുവേണ്ടി ബലിയറുക്കണം. അതാതവസരങ്ങളിൽ അനുപേക്ഷണീയമായ മത ചിട്ടകൾ അവരെ പരിശീലിപ്പിക്കണം. ആഹാരരീതികളും മറ്റു ആചരണരീതികളും ആരാധനാക്രമങ്ങളും അവരെ അഭ്യസിപ്പിക്കണം. ആവശ്യാനുസരണം ഗുണദോഷിച്ചും ഉപദേശിച്ചും പ്രവർത്തിച്ചും പരിശീലിപ്പിച്ചും പ്രശംസിച്ചും പ്രോത്സാഹിപ്പിച്ചും അവർക്കൊപ്പം നില്ക്കാൻ സാധിക്കണം. ആരോഗ്യപരിപാലന രംഗവും ശുചിത്വബോധവും സാംസ്കാരിക വിശുദ്ധിയും മതനിഷ്ഠയും പരസ്പരസ്നേഹവും ആദരവും കാത്തുസൂക്ഷിക്കണം.

## പ്രസവവും സന്താനനിയന്ത്രണവും

പിറവിയെടുക്കുന്ന ഓരോ കുഞ്ഞും സ്വതന്ത്രനാണ്. ഈ ലോകത്തിലെ സുഖസൗകര്യങ്ങൾ അനുഭവിക്കാൻ അവന് അവകാശമുണ്ട്. ഈ അവകാശങ്ങൾ ആർക്കും നിരോധിക്കവാതല്ല. ജനിക്കുന്നവർക്ക് ഇതറിഞ്ഞുകൂടാ; ജനിപ്പിക്കുന്നവർ ഇതറിഞ്ഞു പെരുമാറണം.

സന്താന നിയന്ത്രണത്തിനു മതമെതിരല്ല. പക്ഷേ, സ്വാഭാവിക മാർഗങ്ങളാണ് അഭികാമ്യം. കൃത്രിമമാർഗങ്ങൾ ഉപേക്ഷിക്കണം. അവ അപകടവും ഒരു വേള അനുവദനീയമല്ലാത്തതുമാണ്. മതത്തിന്റെയും

ധാർമികതയുടെയും അനുശാസനങ്ങൾ അനുസരിക്കുന്നവർക്ക് അഭികാമ്യം സ്വാഭാവിക മാർഗങ്ങൾ മാത്രമാണ്.

പ്രവാചക കാലത്ത് നിലനിന്നിരുന്നതും പ്രവാചകർ അനുവദിച്ചിരുന്നതുമായ 'നിവർത്തനം' (ദമ്പതികൾ ഉഭയസമ്മതപ്രകാരം സസന്തോഷം ശുക്ല വിസർജനം സ്ത്രീ ജനനേന്ദ്രിയത്തിനു പുറത്തു നിർവഹിക്കൽ) അതല്ലെങ്കിൽ അതുപോലെ അപകടരഹിതമായ മറ്റു മാർഗങ്ങൾ ഇവയ്ക്കപ്പുറം ദൈവികനിയമങ്ങളെ, സംവിധാനങ്ങളെ തന്നിഷ്ടപ്രകാരം തകിടം മറിക്കുന്ന തികച്ചും സ്വാർഥപരമായ ഒരു സമീപനവും ഈ വിഷയത്തിൽ പാടില്ലാത്തതാകുന്നു.

ആരോഗ്യകരമായ കാരണങ്ങളാൽ സന്താനാല്പോദന പ്രക്രിയ തടയേണ്ടി വന്നാൽ നിവൃത്തിയില്ലെങ്കിൽ മാത്രം അതിനു മുതിരുക. ആവശ്യത്തിനും അനാവശ്യത്തിനും അത്യാവശ്യത്തിനുമുള്ള പ്രക്രിയ ഏതെന്ന് അല്ലാഹുവിന്നറിയാം. അവൻ നിശ്ചയിച്ച കുറ്റമറ്റ സംവിധാനങ്ങളെ തികഞ്ഞ ആദരവോടെയും അറിവോടെയും അംഗീകരിക്കണം. അവന്റെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും തീരുമാനങ്ങൾക്കും മുന്നിൽ സമർപ്പിതരാകുന്നവർക്കാണ് സമാധാനവും ശാന്തിയും.

ജീവൻ ദൈവാനുഗ്രഹമാണ്. അവനാണതിന്റെ ദാതാവും പരമാധികാരിയും. ആ ജീവനുവേണ്ടി സേവനം ചെയ്യുക എന്നതാണ് നമ്മുടെ ജീവിതധർമങ്ങളിലൊന്ന്. അതിനാൽ ഗർഭസ്ഥശിശുക്കളെ ആരുംതന്നെ നശിപ്പിക്കാവതല്ല. ജീവന്റെ തുടിപ്പുകൾ ആരംഭിച്ചുകഴിഞ്ഞാൽ അതിലൂടെ പ്രകടമാകുന്നത് സൃഷ്ടികർത്താവിന്റെ കഴിവും കാരുണ്യവുമാണ്. അമൂല്യവിലയുള്ള ആ ജീവനെ കൊല്ലുവാനോ ഇല്ലായ്മ ചെയ്യുവാനോ ആർക്കാണ് അർഹതയുള്ളത്? ജനിക്കുന്ന ഓരോ കുട്ടിയും ആ കുടുംബത്തിലെ നറുമലരുകളാണ്. അവരുടെ നിഷ്കളങ്കമായ ചിരിയും കളിയും ആർക്കാണ് കൺകുളിർമ പ്രദാനം ചെയ്യാതിരിക്കുക. ഇവിടെ തുടങ്ങുന്ന ആ കൺകുളിർമ എന്നെന്നും നിലനിർത്താൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും എന്തുമാത്രം സൂക്ഷ്മത ആവശ്യപ്പെടുന്നു!

ഒരിക്കൽ കസീറുബ്നു സിയാദ് ഹസനോട്(റ) ഇപ്രകാരം ചോദിച്ചു: "നാം അല്ലാഹുവിനോട് നമ്മുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽ നിന്നും കൺകുളിർമ പ്രദാനം ചെയ്യേണമേ എന്നു പ്രാർഥിക്കാറില്ലേ? ഈ കൺകുളിർമ ഇഹലോകത്തുവെച്ചോ പരലോകത്തുവെച്ചോ നമുക്കനുഭവപ്പെടുക?'' അപ്പോൾ ഹസൻ(റ) പറഞ്ഞു: ''അല്ലാഹു സത്യം, അത് ഇഹലോകത്തുവെച്ചാണ്." അപ്പോൾ അദ്ദേഹം ചോദിച്ചു: "അതെങ്ങനെയാണ്?" ഹസൻ(റ)പറഞ്ഞു: തന്റെ മക്കളും മാതാപിതാക്കളും സഹോദരങ്ങളും കുടുംബവും അല്ലാഹുവിനു വഴിപ്പെട്ട് ഭക്തരായി ജീവിക്കുന്ന കാഴ്ച ഈ ലോകത്തുവെച്ച് ഒരാൾ കണ്ടാനന്ദിക്കലാണത്." ഈ ആനന്ദമാണ് നമുക്കനുഭവപ്പെടേണ്ടത്. അതിനുവേണ്ട പ്രാർഥനയും അനുബന്ധ പ്രവർത്തനങ്ങളും ഓരോ വ്യക്തിയിലും രൂപപ്പെടേണ്ടതുണ്ട്.

# സമൂഹത്തോടുള്ള ബാധ്യത നിറവേറ്റുക

അർഥപൂർണമായ ഒരു സാമൂഹിക ജീവിതക്രമമമാണ് സമൂഹത്തിലെ ഒരു ചെറിയ ഭാഗമെന്ന നിലയിൽ വിവാഹിതരായവർ കാത്തുസൂക്ഷിക്കേണ്ടത്. സമൂഹത്തെ അറിയുകയും സാമൂഹിക നിയമങ്ങളും പശ്ചാത്തലങ്ങളും ആവശ്യപ്പെടുന്ന ധാർമിക ചട്ടക്കൂട്ടിൽ ഒതുങ്ങിജീവിക്കുകയും വേണം. അന്യർക്ക് അപകടമുണ്ടാക്കുന്ന, അലോസരപ്പെടുത്തുന്ന, അസഹിഷ്ണുത സൃഷ്ടിക്കുന്ന യാതൊന്നും വരാതെ സൂക്ഷിക്കണം. തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടി ഇഷ്ടപ്പെടും വരേക്കും ഒരാൾ മുസ്‌ലിമാവുകയില്ല എന്ന തത്വം അവഗണിക്കാവതല്ല. സമൂഹത്തോടുള്ള ബാധ്യത തങ്ങളാൽ കഴിയുംവിധം നിറവേറ്റണം. ത്യാഗമനസ്ഥിതിയും ഗുണകാംക്ഷാസമീപനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. സാമൂഹിക സേവനം വിശ്വാസതലത്തിലും കർമതലത്തിലും അനുഷ്ഠാനവിഷയമാകണം.

## അംഗീകരിക്കുക; വിശ്വാസം നിലനിർത്തുക

അറിവുനേടിയും അറിയുന്നത് അറിയിച്ചും അജ്ഞതക്ക് അറുതി വരുത്തണം. എല്ലാ അജ്ഞതയും ഇരുട്ടാണ്. അറിവുകൊണ്ടും പ്രവൃത്തികൊണ്ടും മാത്രമേ വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്ന സംസ്കൃതിയും ധർമബോധവും ശക്തിപ്രാപിക്കൂ. ഉള്ളതിൽ തൃപ്തിപ്പെട്ടും അർഹമായത് അനുഭവിച്ചും അനർഹമായത് അവഗണിച്ചും വിശ്വാസ്യതയോടെ ജീവിക്കണം. അനുവദനീയവും അനനുവദനീയവുമേതെന്ന തിരിച്ചവാർജിക്കണം. സാമൂഹ്യമായ ആരാധനകളിലും ആഘോഷങ്ങ

ളിലും ഇതര വിനോദങ്ങളിലും ആരോഗ്യകരമായ പങ്കാളിത്തമുണ്ടാക ണം. ഒളിച്ചോട്ടവും കൊഴിഞ്ഞുപോക്കും ഒറ്റപ്പെടലുകളും ഒരായു സ്സിനെ നശിപ്പിക്കും.

പൈശാചികമായ എല്ലാ പ്രവണതകളിൽ നിന്നും അടിപൊളി സംസ്കാരങ്ങളിൽ നിന്നും അപകടമായ സമീപനങ്ങളിൽ നിന്നും വിട്ടുനില്ക്കേണ്ട കാലഘട്ടമാണിത്. അക്രമാതിക്രമങ്ങളിൽ നിന്നും സർവവിധ ഭീകരതകളിൽ നിന്നും മതപരവും രാഷ്ട്രീയപരവുമായ എല്ലാ സങ്കുചിതത്വങ്ങളിൽ നിന്നും സ്വന്തം വ്യക്തിത്വത്തെ കാത്തുസം രക്ഷിക്കണം. ഓരോ പ്രഭാതവും സേവനത്തിന്റെ, നിർമാണത്തിന്റെ വഴി ത്താരയിലാകണം. നശീകരണത്തിന്റെ, സംഹാരത്തിന്റെ മാർഗം അവ ലംബിക്കാവതല്ല. സത്യവും ധർമവും നീതിയും നിലനിന്നു കാണാൻ ആഗ്രഹിക്കുന്നതുപോലെ അത് ജീവിതത്തിലും കുടുംബത്തിലും നില നിർത്താനാവശ്യമായത് കൈക്കൊള്ളണം. തന്നിലില്ലാത്തതൊന്നും മറ്റൊരാളിൽ പ്രതീക്ഷിക്കാവതല്ല. ജീവനും സ്വത്തും അഭിമാനവും ആരുടേതാണെങ്കിലും അനർഹമായി അപഹരിക്കാവതല്ല.

ഈ ലോകത്ത് എത്ര കോടി മനുഷ്യർക്കും ജീവിക്കാനിടമുണ്ട്. തമ്മിൽ പൊരുത്തപ്പെട്ടു ജീവിക്കണമെന്നേയുള്ളൂ. ഈ പൊരുത്തപ്പെ ടലിലാണ് സാമൂഹിക ജീവിതത്തെ ഭരിക്കുന്ന ഏറ്റവും വലിയ തത്വമി രിക്കുന്നത്. തന്റെ പ്രിയം മറ്റുള്ളവരുടെയും പ്രിയമായിരിക്കുക. ആരെയും ഒരു തരത്തിലും ഒരു കാരണവശാലും അന്യമായി വേദനി പ്പിക്കാവതല്ല. പരസ്പരമുള്ള അംഗീകരണവും ആദരവും അനുസര ണവും വിശ്വാസ്യതയുമാണ് സമൂഹ ജീവിതത്തെ ഭദ്രമാക്കുന്നത്. വിശ്വസനീയതയിലാണ് ദീർഘ നൈരന്തര്യം സാധ്യമാകുന്നത്.

## മനസ്സും ശരീരവും മലിനമാക്കാതിരിക്കുക

ഉള്ളിൽ കയറിക്കൂടുന്ന രണ്ടു കിരാതശക്തികളാണ് കാമവും ലോഭ വും. ഒരുവൻ ആഗ്രഹിക്കുന്നതുപോലെ മറ്റൊരുവൻ ആഗ്രഹിക്കുന്നു. ഒരുവൻ സ്വന്തമാക്കാൻ ശ്രമിക്കുന്നത് അപരൻ കാമിക്കുന്നു. മറ്റൊരുത്തനെ പ്രലോഭിപ്പിക്കുന്ന വിഷയവും അതു തന്നെ. അടങ്ങാത്ത ഏത് മോഹവും അടക്കാൻ കഴിയാത്ത ഏത് ദാഹവും അപകടത്തിന്റെ സൂചനയാണ്. അസുഖങ്ങളുടെ താക്കോലാണ് അടിക്കടിയുള്ള ദാഹം. ഷുഗറിന്റെ മാത്രം തകരാറല്ല; അത് മറ്റു പലതിന്റെയും തകരാറാണ്.

ആരോഗ്യകരമായ ജീവിതത്തിനു ജൈവികവും ഭൗതികവും ബൗദ്ധികവുമായ ചില ആവശ്യങ്ങൾ എല്ലാവർക്കും നിറവേറ്റാനുണ്ട്. ന്യായമായ ആവശ്യങ്ങൾ കഴിഞ്ഞു മറ്റൊന്നും ആഗ്രഹിക്കില്ലെന്നു മാത്രമല്ല, തന്നാൽ വേണ്ടെന്നുവെക്കാനും പരിശീലിക്കണം. സ്വാശ്ര യത്വം വളർത്തിയെടുക്കണം. വീടിന്റെയോ നാടിന്റെയോ നാം നടക്കുന്ന നടപ്പാതയുടെയോ വിസ്തൃതിയല്ല നമുക്കാവശ്യം. നമ്മുടെ മനസ്സിന്റെ പ്രവിശാലതയാണാവശ്യം. ഈ ലോകത്തിനു നമുക്ക് നല്കാൻ കഴി

യുന്ന ഏറ്റവും വലിയ അനുഗ്രഹം നമ്മുടെ ഉള്ളുനിറഞ്ഞ മനസ്സന്തോഷവും ശാന്തിയുമാണ്. അത് അഭിവാദനവേളയിൽ നാവിലൂടെ മാത്രം പുറത്തുവരേണ്ട ഒന്നല്ല. തളർന്നിരിക്കുന്ന ഒരാളുടെ മനസ്സിന് സാന്ത്വനംനല്കാൻ സാധിച്ചാൽ അതാണ് ജീവിതസേവനം.

മനസ്സിനെ മലിനമാക്കുന്ന മാലിന്യം ശരീരമാലിന്യത്തെക്കാൾ അത്യന്തം അപകടകാരിയാണ്. മലിനവിഷയങ്ങളിൽ സുഖം കണ്ടെത്തുന്നവർ മലിന തുല്യം വർജ്യമാണെന്നോർക്കണം. അവർ ഈ ലോകത്തിന്റെ ഏറ്റവും മാരകമായ രോഗവാഹകരും പ്രചാരകരുമാണ്. മാലിന്യത്തെ ശരീരത്തിൽ നിന്നും മനസ്സിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട്. സദ്ദർശനവും സദ്വിചാരവും നിത്യമായ ആരാധനകളും അനുഷ്ഠാനാചരണങ്ങളും കർമ-ധർമ സമീപനങ്ങളും അതിനെ സാധിപ്പിക്കും.

ശരീരം ഉണർന്നിരിക്കണം. ആവശ്യമുള്ളത്ര സുഖമായും സ്ഥിരമായും അങ്ങനെ ഇരിക്കാനാവണം. മയക്കവും ആലസ്യവും രോഗവും ക്ഷീണവും മാറുന്നതിന്നായുള്ള വിശ്രമവും വിനോദവും വ്യായാമവും കൂടിയേ തീരൂ. ശരീരഘടന അനുവദിക്കുന്നത്രയും പ്രവർത്തനങ്ങളിൽ സഹജമായ വിധം ചെയ്യുമ്പോൾ അങ്ങനെ ചെയ്യുന്നുണ്ടെന്നു പോലും നാം അറിയുന്നില്ല. അത് ശരീരത്തിന്റെ സുഖാവസ്ഥയാണ്. ഈ ഘടനാവിശേഷത്തിൽ അല്പമാത്രമായ ദോഷമുണ്ടായാൽ അസുഖം തോന്നുന്നു.

ചലനമാണ് ശരീരത്തിന്റെ ആഹാരം. ആഹാരം ശരീരചലനത്തിന് ആവശ്യമാണ്. നമുക്ക് നമ്മുടെ ശരീരത്തെ മറന്നിരിക്കുവാൻ കഴിയുമ്പോൾ നാം സുഖത്തിലാണ്. തലവേദന തോന്നുമ്പോൾ നാം തലയുള്ളവരാണെന്നറിയുന്നു. അതുവരെ അങ്ങനെ ഒരവയവം നമ്മുടെ ശരീരത്തിലുണ്ടോ എന്നുപോലും നാം അറിയുന്നില്ല.

ആരോഗ്യം സമൂഹജീവിതത്തിന്റെ സമ്പത്താണ്. അത് അശ്രദ്ധകൊണ്ടും അജ്ഞതകൊണ്ടും അപഹരിക്കപ്പെടാവതല്ല. മതത്തിന്നെതിരാവാത്ത അടിസ്ഥാനപരമായ വ്യായാമമുറകൾ ശീലിക്കണം. നമ്മുടെ സുഖം നമ്മുടെ കുടുംബത്തിന്റെയും രാജ്യത്തിന്റെയും രാഷ്ട്രത്തിന്റെയും ലോകത്തിന്റെയും സുഖമാണ്. ജീവിക്കാൻ യോഗ്യനാകണം. ശരീരത്തിനും മനസ്സിനും ഒരു യോഗമുണ്ട്. അത് തകരാറിലാകുമ്പോൾ നാം രോഗികളാകും.

അമിതമായതെന്തും ശരീരത്തെയും മനസ്സിനെയും ദുഷിപ്പിക്കും; അത് ആഹാരമായാൽ പോലും. ഒന്നും അമിതമാകാതെ സൂക്ഷിക്കണം. ജീവിതത്തിന്റെ ഗതിവേഗതയിൽ മിതത്വവും അമിതത്വവും പാടെ വേർതിരിക്കപ്പെടാതെ പോകുന്നു. മഹാനായ ലുക്മാൻ(അ) തന്റെ മകനോട് പറയുന്നു: “നീ വയറുനിറയെ ആഹരിക്കരുത്. നിറവയറിൽ ഓർമകൾ മങ്ങും. ജ്ഞാനമണ്ഡലം ബധിരമാകും. അവയവങ്ങൾ പരിക്ഷീണമാകും. മിതാഹാരം പ്രയോജനകരമാണ്. അമിതാഹാരം നശീകരണമാണ്. അത് ഹൃദയഭാരം കൂട്ടും. ഹൃദയഭാരം ഹൃത്തിനെയും മനസ്സിനെയും തകർക്കും.”

ജീവനുള്ള ശരീരം രക്തത്താൽ സമൃദ്ധമാണ്. രക്തസമ്പുഷ്ട ശരീരം ആരോഗ്യത്തിന്റെ നിദർശനമാണ്. രക്തം ശരീരത്തിന്റെ ഉള്ളറകളിലൂടെ ഒഴുകുന്നു; ഹൃദയം അതിന്റെ സൂക്ഷിപ്പുകാരനും. ഒരു തുള്ളി രക്തംപോലും പാഴാകാതെ സൂക്ഷിക്കണം. സുതാര്യചർമത്താൽ രക്തം പൊതിഞ്ഞിരിക്കുന്നു. എന്നാൽ ജീവനുള്ള സമൂഹം രഹസ്യങ്ങളുൾക്കൊള്ളുന്നു. ഒരാളുടെ രഹസ്യജീവിതവും ചുഴിഞ്ഞന്വേഷിക്കാവതല്ല. ആരുടെ നഗ്നതയും പരസ്യപ്പെടുത്താവതല്ല. രഹസ്യം രക്തതുല്യമാണെന്ന നബിവചനം സമൂഹ നിലനില്പിന്റെ ആധാരമാണ്. രഹസ്യവും രക്തവും അന്യായമായി ചിന്താവതല്ല. രഹസ്യങ്ങൾ ചോർന്നൊലിക്കുന്ന ഇന്ന്, രക്തം വാർന്നൊഴുകിയ ഇന്നലെകളെക്കാൾ എത്ര മ്ലേച്ഛം! ഭദ്രമായി സൂക്ഷിക്കപ്പെടേണ്ട രഹസ്യം കൂട്ടുകാർക്കുപോലും കൈമാറാവതല്ല.

സമൂഹത്തിൽ ആദരിക്കപ്പെടേണ്ടവർ അധികമുണ്ട്; അനുസരിക്കപ്പെടേണ്ടവരും അംഗീകരിക്കേണ്ടവരുമുണ്ട്. ആദരവും അനുസരണവും അംഗീകാരവും അതിന്റെ ആളുകൾക്ക് വീതിച്ചു നല്കണം. ഒന്നിനും ഒരു ലുബ്ധും വരുത്താവതല്ല. പരസ്പരം സമരസപ്പെട്ടുപോകാൻ ഇതൊക്കെ അനിവാര്യമാണ്.

## ശരിയായ ധാരണകൾ സൃഷ്ടിക്കുക

മനസ്സിന്റെ ബോധാവസ്ഥ അനുഭവപ്പെടുന്നത് വാഗ്രൂപത്തിലും കർമരൂപത്തിലുമാണ്. എല്ലാറ്റിനും ഒരു അടക്കമാവശ്യമാണ്. എല്ലാ കലഹങ്ങൾക്കും കാരണം, വേണ്ടാത്തവാക്ക് പറയരുതാത്ത സമയത്ത് വീണ്ടുവിചാരം കൂടാതെ പറയുകയാലാണ്. നമുക്ക് അഹിതമായ വാക്കുകൾ കേൾക്കേണ്ടി വന്നാൽ ഒരു മനുഷ്യശരീരത്തിൽ നിന്നു ഏതോ തകരാറുകാരണം പുറപ്പെട്ട ഒരു ശബ്ദമാണെന്നു മാത്രം കരുതണം. അതല്ലാതെ അതിനു തീകൊളുത്തി വ്യാഖ്യാനങ്ങൾ കൊടുത്ത് അതിശയോക്തി നല്കി അതിനേക്കാൾ ശബ്ദത്തിൽ അത് അവതരിപ്പിക്കരുത്.

നമ്മുടെ എല്ലാ പ്രവൃത്തികൾക്കും അടിസ്ഥാനമായിരിക്കുന്നത് നമ്മുടെ ധാരണകളാണ്. സമൂഹത്തിലെ വ്യക്തികൾ തമ്മിലുള്ള സംബന്ധം ധാരണാധിഷ്ഠിതമാണ്. ഇത് എന്റെ പിതാവ്, ഇത് എന്റെ മാതാവ്, ഇത് എന്റെ മക്കൾ, ഇത് എന്റെ അയൽക്കാർ, ഇത് എന്റെ സഹപാഠികൾ എന്നിങ്ങനെ ബന്ധങ്ങളെ സംബന്ധിക്കുന്ന ധാരണകളുണ്ട്. ഓരോ സംബന്ധവും മൂല്യാധിഷ്ഠിതമാക്കണം. മറ്റു ജീവികളെ അപേക്ഷിച്ച് മനുഷ്യനു തെറ്റായ ധാരണകൾ കുറെ അധികമാണ്. ധാരണകൾക്കു പിശകുപറ്റുമ്പോൾ ഊഹങ്ങളധികരിക്കും. ഊഹങ്ങളധികവും കള്ളമാണെന്നും ചില ഊഹങ്ങളെങ്കിലും പാപമാണെന്നുമുള്ള ബോധമുണ്ടാകണം. സമൂഹ മനസ്സിനെ കുറിച്ചും ശരിയായ ധാരണകൾ രൂപ

പ്പെടുത്തണം. സ്വന്തത്തെ കുറിച്ചുള്ള ശരിയായ ധാരണകൾ നില നിർത്തുന്നതോടൊപ്പം മറ്റുള്ളവർക്ക് തന്നെക്കുറിച്ചുള്ള ധാരണകളിൽ പിശകുവരാതെ സൂക്ഷിക്കണം.

സമൂഹമധ്യത്തിൽ ജീവിക്കുക അത്ര എളുപ്പമാണെന്നു കരുതരുത്. സ്വന്തം ഭാര്യയോടൊത്ത് രാത്രിയിൽ സംസാരിച്ചുനില്ക്കുന്ന കാഴ്ച കണ്ടവർ ധാരണപ്പിശകിലകപ്പെടുമോ എന്നു കരുതിയപ്പോൾ പ്രവാചകൻ അവരുടെ ധാരണകൾ ശരിയാക്കുകയാണ് ചെയ്തത്. എത്ര ഉദാത്തമായ മാതൃകയാണിത്? ആളുകൾ എന്തെങ്കിലും ധരിക്കട്ടെ എന്നാശ്വസിക്കാവതല്ല. അവർക്കുള്ള ധാരണകൾ തെറ്റാതിരിക്കാൻ നാം ശ്രമിക്കണം.

സമൂഹത്തിലെ അധർമങ്ങളും അനാശാസ്യതകളും അന്ധവിശ്വാസങ്ങളും നമ്മുടെ വിമല വിശ്വാസത്തെയും അതിലൂടെ രൂപപ്പെടുന്ന, ദൃഢീകരിക്കുന്ന അചഞ്ചല ധാരണകളെയും മാറ്റിമറിക്കാവതല്ല. അല്ലാഹുവല്ലാതെ ആരാധ്യനില്ല. മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനും പ്രവാചകനുമാകുന്നു എന്ന അടിസ്ഥാനാശയം ഒരു കാറ്റിലും കോളിലും പെട്ട് തകരാതെ, തകർക്കാതെ കാത്തുസൂക്ഷിക്കപ്പെടണം. ഈ ധാരണ ഏത് പ്രതികൂലസാഹചര്യത്തിലും മനസ്സിനും ശരീരത്തിനും ശാന്തിയും സമാധാനവും സമർപ്പണവും പ്രദാനം ചെയ്യുന്നു. പണത്തിന്റെയോ ആപത്തിന്റെയോ ഭീഷണിയുടെയോ അവസരസൗകര്യത്തിന്റെയോ മുമ്പിൽ ഈ ധാരണയ്ക്ക് തകരാറു സംഭവിക്കരുത്. അങ്ങനെ വന്നാൽ മുഴുവൻ ജീവിതവും തകർന്നടിയും.

## സുഖവും ദുഃഖവും

സുഖ-ദുഃഖങ്ങളാൽ സമ്മിശ്രമാണീ ലോകം. ഒരു വ്യക്തിയും കുടുംബവും സമൂഹവും ഇതിൽ നിന്നും അന്യമല്ല. അല്ലാഹു അവനാണ് ചിരിപ്പിക്കുന്നവനും കരയിപ്പിക്കുന്നവനും (വി.ക്വു). സുഖങ്ങളിൽ അല്ലാഹുവിനു നന്ദി പറഞ്ഞും ദുഃഖങ്ങളിൽ ക്ഷമ കൈക്കൊണ്ടും മുന്നോട്ടു പോയാൽ ദുഃഖങ്ങളില്ലാത്ത മറ്റൊരു ലോകത്ത് എല്ലാവിധ മംഗളാശംസകളോടും കൂടി സകുടുംബം സന്തോഷിച്ചാനന്ദിച്ച് ഉല്ലസിക്കാം; അതാണ് ജീവിതം. ഇത് അതിലേക്കുള്ള വഴി മാത്രമാണ്. ഏതവസരത്തിലും ഇതാണ് ജീവിതമെന്ന് തെറ്റിദ്ധരിക്കാതിരിക്കണം. "ഈ ഭൗതിക ജീവിതം വഞ്ചനാത്മകമായ ഒരു സുഖഭോഗ വിഭവം മാത്രമാണ്." (വി.ക്വു)

ജീവിതം ഇനിയുമിനിയും പലരോടൊത്തും കഴിയേണ്ടതുണ്ട്... അതാണ് ജീവിതം; അവിടമാണ് ശാന്തി, അവിടമാണ് സമാധാനം. അതാണ് സമാധാനഗേഹം സ്വർഗം. അല്ലാഹു അത് നല്കി നമ്മെ അനുഗ്രഹിക്കട്ടെ. ■